प्रेस प्रकाशनी PRESS RELEASE
संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358
भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

RBI/2019-20/105

FIDD.GSSD.CO.BC.No.15/09-01-01/2019-20 നവംബർ 26, 2019

എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടേയും, സ്മാൾഫിനാൻസ് ബാങ്കുകളുടേയും, ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, സി.ഇ.ഒ. തുടങ്ങിയവർക്ക്

മാഡം/പ്രിയപ്പെട്ട സർ,

**പ്രാമാണിക സർക്കുലർ-ദീൻദയാൽ അന്ത്യോദയാ യോജന ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (National livelihoods mission- (DAY-NRLM)**

1. ദീൻദയാൽ അന്ത്യോദയായോജന-ദേശീയ ഉപജീവന മിഷൻ (DAY-NRLM) എന്ന വിഷയത്തിലുള്ള 2019 ജൂലൈ 01-ലെ പ്രാമാണിക സർക്കുലർ നമ്പർ FIDD.GSSD.CO.Bc.No.02/09.01.01/2019-20 നോക്കുക.

2. ഗവർൺമെന്റ് ഓഫ് ഇൻഡ്യ, ഗ്രാമീണ വികസനമന്ത്രാലയം (MORD) ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച 2019-20-ലെ പലിശാനുകൂല്യ പദ്ധതി (Interest subvention scheme) നടപ്പിലാക്കുന്നതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഈ പ്രാമാണിക സർക്കുലറിന്റെ അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്.

3. DAY-NRLM പദ്ധതിയിൽ, 2019 നവംബർ 26 വരെ പുറപ്പെടുവിച്ചിട്ടുള്ള പുതുക്കിയ നിർദ്ദേശങ്ങളെല്ലാം ചേർത്ത് അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.

വിശ്വാസപൂർവ്വം

(സൊനാലി സെൻ ഗുപ്ത)
ചീഫ് ജനറൽ മാനേജർ

## പ്രാമാണിക സർക്കുലർ

## ദീൻദയാൽ അന്ത്യോദയ യോജന-ദേശീയഗ്രാമീണ ഉപ ജീവന മിഷൻ (DAY-NRLM)

### 1. പശ്ചാത്തലം

1.1 2013 ഏപ്രിൽ 01 മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം സ്വർണ്ണജയന്തി ഗ്രാം സ്വരോസ്ഗർ യോജന (SGSY) എന്ന പദ്ധതിയെ പുനഃസംഘടിപ്പിച്ച്, പകരം ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) എന്ന പദ്ധതി, ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഗ്രാമീണ വികസന മന്ത്രാലയം സമാരംഭിച്ചു. 2013 ജൂൺ 27-ലെ RPCD.GSSD.CO. No.81/09.01.03./2012-13 എന്ന ആർബിഐ സർക്കുലറിലൂടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ വാണിജ്യ ബാങ്കുകൾക്കും, റീജിയണൽ റൂറൽ ബാങ്കുകൾക്കും നൽകുകയുണ്ടായി. 2016 മാർച്ച് 29-ന് NRLM എന്ന പദ്ധതിയെ ദീൻ ദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (DAY-NRLM) എന്ന് പുനർനാമകരണം ചെയ്തു.

1.2. പാവപ്പെട്ടവരുടെ, പ്രത്യേകിച്ചും സ്ത്രീകളുടേതായ, ശക്തിയേറിയ പ്രസ്ഥാനങ്ങൾ പടുത്തുയർത്തി, അവയ്ക്ക് വിവിധതരത്തിലുള്ള സാമ്പത്തികവും, ഉപജീവനത്തിനുമുള്ള സേവനോപാധികൾ ലഭ്യമാക്കി, ദാരിദ്രലഘൂകരണം ഊർജ്ജിതപ്പെടുത്താനുള്ള ഇന്ത്യാ ഗവൺമെന്റിന്റെ സുപ്രധാനമായ ഒരു പദ്ധതിയാണ്, DAY-NRLM. അതിതീവ്രമായ പദ്ധതിയായാണ് ഇത് രൂപം കൊടുത്തിട്ടുള്ളത്. പ്രവർത്തന കാര്യക്ഷമതയുള്ള സാമൂഹിക പ്രസ്ഥാനങ്ങളിലേക്ക് പാവപ്പെട്ടവരെ ഉന്നയിച്ച്, മാനുഷികവും ഭൗതികവുമായ വിഭവങ്ങൾ പ്രയോഗിച്ച് അവരുടെ ജീവനമാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുകയും അവരുടെ സാമ്പത്തിക പരിവ്യാപനം സാദ്ധ്യമാക്കുകയും ചെയ്യുന്നു. ധനപരവും മൂലധനപരവുമായ സേവനങ്ങൾ, ഉല്പാദനവും, ഉല്പാദനക്ഷമത കൂട്ടാനുമുള്ള സേവനങ്ങൾ, സാങ്കേതികത, വിജ്ഞാനം, നൈപുണ്യവും, സംഭാവനകളും (inputs) വിപണി ബന്ധങ്ങൾ എന്നിവ പ്രദാനം ചെയ്തു DAY-NRLM, പാവപ്പെട്ടവരുടെ സ്ഥാപനാടിത്തറയെ സമ്പൂർത്തീകരിക്കുന്നു. പാവപ്പെട്ടവർക്ക് അവരുടെ അവകാശങ്ങളിലേക്കും, അർഹതപ്പെട്ട മറ്റുകാര്യങ്ങളിലേക്കും, പൊതുസേവനങ്ങളിലേക്കും എത്തിപ്പെടുന്നതിന് ബന്ധപ്പെട്ട കക്ഷികളുമായി ഒത്തുചേരുന്നതിനും, പങ്കാളികളാകാനുമുള്ള ഒരു സാഹചര്യം ഉണ്ടാക്കാൻ ഈ പ്ലാറ്റ്ഫോറം അവസരമുണ്ടാക്കുന്നുണ്ട്.

1.3. DAY-NRLM എന്ന സാമൂഹ്യ പ്രസ്ഥാനത്തിന്റെ രൂപരേഖയുടെ ആദ്യ നിർമ്മാണശില തന്നെ, അത് സ്ത്രീകളുടെ സ്വയംസഹായ കൂട്ടായ്മ, അതിന്റെ പാരസ്പര്യത്തിലൂന്നി ഒരുമിക്കുന്നു എന്നുള്ളതാണ്.

SHG കൾ, അവയുടെ ഗ്രാമീണതലത്തിലും അതിനുമുകളിലുമുള്ള ഫെഡറേഷനുകൾ എന്നിവ ഉൾപ്പെടെ പാവപ്പെട്ട സ്ത്രീകളുടെ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്താനും പരിപോഷിപ്പിക്കുവാനും DAY- NRLM ശ്രദ്ധകേന്ദ്രീകരിക്കുന്നു. കൂടാതെ, DAY- NRLM ദരിദ്ര ഗ്രാമീണരുടെ അതിജീവനപ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഈ പദ്ധതി, പാവപ്പെട്ടവരുടെ പ്രസ്ഥാനങ്ങൾക്ക് 5-7 വർഷങ്ങൾ വരെ തുടർച്ചയായി അവർ കൊടും ദാരിദ്ര്യത്തിൽ നിന്നും പുറത്തുവരുന്നതുവരെ പിന്തുണ നൽകി ഒരു കൈത്താങ്ങായി പ്രവർത്തിക്കുന്നു. DAY- NRLM പ്രദാനം ചെയ്യുന്ന സാമൂഹ്യ സ്ഥാപന സംബന്ധിയായ രൂപ ഘടന ഇതിൽ കൂടുതൽ സമയവും, അതിശക്തമായ പിന്തുണ നൽകും.

1.4. സാമ്പത്തികമാനേജ്മെന്റ്. കൂടിയ പലിശ നിരക്കിലും മറ്റ് അപകടസാദ്ധ്യതകളുമുള്ള ബാദ്ധ്യതകൾ ഒഴിവാക്കാനുള്ള ധനസഹായം, SHG ഫെഡറേഷനുകൾ രൂപീകരിക്കുന്നതിനും അവയെ പരിപോഷിപ്പിക്കുന്നതിനുമുള്ള സഹായം, ഈ ഫെഡറേഷനുകളെ അതിശക്തമായ പിന്താങ്ങുന്ന സംഘടനകളായി മാറ്റിയെടുക്കുക, പാവങ്ങൾ നേടുന്ന ജീവനോപാധികൾക്ക് സ്ഥിരത നൽകുക, ജീവനോപാധികൾ പ്രദാനം ചെയ്യുന്ന പ്രസ്ഥാനങ്ങളുടെ രൂപീകരണവും അവയുടെ പരിപോഷണവും, ഗ്രാമീണ യുവജനങ്ങൾക്ക് സ്വന്തംസ്ഥാപനങ്ങൾ തുടങ്ങാനും, സംഘടിതമേഖലകളിൽ തൊഴിൽ നേടാനുമുതകുന്ന നൈപുണ്യവികസനം, ഈ സംഘടനകളെ അവർക്കുള്ള അവകാശങ്ങളും മറ്റും, അതാത് മുഖ്യ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും നേടിയെടുക്കാൻ സന്നദ്ധമാക്കുക എന്നിവ പ്രദാനം ചെയ്തു SHG കൾക്ക് അവയുടെ മുഴുവൻ പ്രാപ്തിയും വളർത്തിയെടുക്കാൻ DAY- NRLM പിന്തുണനൽകുന്നു.

1.5. 2013 ഏപ്രിൽ മുതൽ DAY-NRLM പ്രാവർത്തികമാക്കുന്നത് ഒരു ദൗത്യമെന്ന നിലയിലായിട്ടുണ്ട് DAY-NRLM ആവശ്യാധിഷ്ഠിത പ്രേരകമായ ഒരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇത്, സംസ്ഥാനങ്ങൾക്ക്, സ്വന്തം സംസ്ഥാനത്തിന് അനുയോജ്യമായ ദാരിദ്ര്യലഘൂകരണ പ്രവർത്തനപരിപാടികൾ രൂപീകരിക്കാൻ സഹായിക്കുന്നു. DAY-NRLM സംസ്ഥാന ഗ്രാമീണ ജീവനപ്രസ്ഥാനങ്ങൾക്കുവേണ്ടി സംസ്ഥാന ജില്ലാ-ബ്ലോക്ക് തലങ്ങളിലുള്ള മനുഷ്യവിഭവത്തെ കൂടുതൽ പ്രവർത്തനക്ഷമമാക്കാൻ സഹായിക്കും. പാവങ്ങളായ ഗ്രാമീണ ജനതയ്ക്ക്, വിപുലശ്രേണിയിലുള്ള ഗുണസമ്പുഷ്ടമായ സേവനങ്ങൾ പ്രദാനം ചെയ്യാൻ, സംസ്ഥാനപദ്ധതികൾക്ക് കഴിവുണ്ട്. ആവശ്യമുള്ള നൈപുണ്യം പകർന്നു കൊടുത്തും, പാവങ്ങൾക്ക് ഉപജീവനത്തിന് സംഘടിത മേഖലകളിൽ ഉയർന്നുവരുന്നതുൾപ്പെടെയുള്ള അവസരങ്ങൾ ഇണക്കികൊടുത്തും, DAY-NRLM തുടർച്ചയായുള്ള അവസരസൃഷ്ടിക്ക് ഊന്നൽ കൊടുക്കുന്നു. ദാരിദ്ര്യലഘൂകരണ പ്രവർത്തനങ്ങളുടെ പരിണിതഫലങ്ങളെ ലക്ഷ്യങ്ങളുമായി താരതമ്യം ചെയ്തു നിരീക്ഷിക്കുകയും ചെയ്യുന്നു. SRLM വഴിയോ, പങ്കാളികളായ സ്ഥാപനങ്ങൾ

അല്ലെങ്കിൽ NGO കൾ വഴിയോ, DAY-NRLM ന്റെ എല്ലാ ഘടകങ്ങളും നടപ്പിലാക്കുന്ന ബ്ലോക്കുകളും, ജില്ലകളും തീവ്രബ്ലോക്കുകളും ജില്ലകളുമെന്നും, മറ്റുള്ളവയെ തീവ്രമല്ലാത്ത ബ്ലോക്കുകളും ജില്ലകളുമെന്നും കണക്കാക്കപ്പെടും. തീവ്ര ജില്ലകളെ അവയുടെ ജനസംഖ്യാപരമായ ദൗർബല്യങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ തിരഞ്ഞെടുക്കും. അടുത്ത 7-8 വർഷങ്ങൾക്കുള്ളിൽ ഘട്ടം ഘട്ടമായി ഇത് നടപ്പിലാക്കും. കാലക്രമേണ രാജ്യത്തെ എല്ലാ ബ്ലോക്കുകളും തീവ്രബ്ലോക്കു കളായി മാറും. DAY-NRLM ന്റെ പ്രധാന സവിശേഷതകൾ അനുബന്ധം I-ൽ നൽകിയിട്ടുണ്ട്.

## 2. വനിതാ SHG കളും അവയുടെ ഫെഡറേഷനുകളും

2.1. DAY-NRLM ന് കീഴിലുള്ള വനിതാ SHG കളിൽ 10-20 വരെ വ്യക്തികളുണ്ടായിരിക്കും. ദുർഘടപ്രദേശങ്ങളിലെ സംഘങ്ങൾ, അംഗപരിമിതിയുള്ളവരുടെ സംഘങ്ങൾ, ഒറ്റപ്പെട്ട ട്രൈബൽ ഗ്രാമങ്ങളിലുള്ള സംഘങ്ങൾ തുടങ്ങിയ പ്രത്യേക SHG കളിൽ അംഗസംഖ്യ ചുരുങ്ങിയത് അഞ്ചുപേർ മതി.

2.2. DAY-NRLM പൊതു സ്വഭാവമുള്ള വനിതകളുടെ സംഘങ്ങളെ (SHGS) പ്രോത്സാഹിപ്പിക്കുന്നു.

2.3. അംഗപരിമിതിയുള്ള വ്യക്തികൾ, മുതിർന്നവർ തുടങ്ങി മറ്റു പ്രത്യേക വിഭാഗങ്ങളിൽ പെടുന്നവർ, ഭിന്നലിംഗർ എന്നിവർ ചേർന്നു രൂപീകരിക്കുന്ന SHG കളിൽ പുരുഷന്മാരും സ്ത്രീകളും ഉണ്ടാവും.

2.4. SHG അനൗപചാരിക ഗ്രൂപ്പാണ്. 1991 ജൂലൈ 24-ലെ സർക്കുലർ RPED No. PLAN.BC 13/PL-09.22/90.91 പ്രകാരം സൊസൈറ്റീസ് ആക്ട്, സംസ്ഥാന സഹകരണ ആക്ട് അല്ലെങ്കിൽ പാർട്ട്ണർഷിപ് സംരംഭം എന്നീ നിലകളിൽ രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. എന്നിരുന്നാലും ഗ്രാമം, ഗ്രാമപഞ്ചായത്ത്, ക്ലസ്റ്റർ അല്ലെങ്കിൽ ഉന്നത തലങ്ങളിൽ രൂപീകരിക്കുന്ന സ്വയം സഹായ ഗ്രൂപ്പുകളുടെ ഫെഡറേഷനുകൾ എന്നിവ സംസ്ഥാനങ്ങളിൽ നിലവിലുള്ള അനുയോജ്യമായ നിയമങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യണം.

## 3. SHG കൾക്കുള്ള ധനസഹായം

**റിവോൾവിംഗ് ഫണ്ട് (RF)** മുന്നുമുതൽ ആറു മാസംവരെ നിലവിലുണ്ടായി രുന്നതും, ക്രമമായി യോഗങ്ങൾ കൂടുക, ക്രമമായി വായ്പകൾ നൽകുക, ക്രമമായി തിരിച്ചടവു കൾ ഉറപ്പാക്കുക, യുക്തമായ അക്കൗണ്ടുകൾ തയ്യാറാക്കുക തുടങ്ങിയ ''പഞ്ചസൂത്രം'' പാലിക്കുന്ന SHG കളെ തുണയ്ക്കുന്നതിന് DAY-NRLM റിവോൾവിംഗ്

ഫണ്ട് നൽകും. മുമ്പൊരു റിവോൾവിങ്ങ്ഫണ്ടും നൽകിയിട്ടില്ലാത്ത SHG കൾക്ക് മാത്രമേ ഒരെണ്ണത്തിനു കുറവ് 10,000 രൂപയും കൂടുതൽ 15,000 രൂപയും അടിസ്ഥാന ഫണ്ട് എന്ന രൂപത്തിൽ നൽകുകയുള്ളൂ. ഈ റിവോൾവിംഗ് ഫണ്ടിന്റെ ഉദ്ദേശം, അവയുടെ സ്ഥാപനസംബന്ധിയായ കെട്ടുറപ്പും, ധനവിനിയോഗ സാമർത്ഥ്യവും ശക്തിപ്പെടുത്താനാണ്. അങ്ങിനെ ഗ്രൂപ്പിനുള്ളിൽ തന്നെ ഒരു നല്ല വായ്പാ കീഴ്‌വഴക്കം സൃഷ്ടിക്കാനുമാണ്.

**4. DAY-NRLM നു കീഴിൽ മൂലധന സബ്സിഡി നിർത്തലാക്കി.**

DAY-NRLM നടപ്പിലാക്കുന്ന തീയതി മുതൽ മൂലധന സബ്സിഡി അനുവദിക്കുന്നതല്ല.

**5. സാമൂഹ്യ നിക്ഷേപ പിന്തുണ സഹായം (Community Investment Support Fund-CIF)**

ഇൻറൻസീവ് ബ്ലോക്കുകളിലുള്ള SHG കൾക്ക് CIF, ഫെഡറേഷനുകൾ സ്ഥിരത പാലിക്കുന്നതിനുവേണ്ടി, ഗ്രാമതല/ക്ലസ്റ്റർതല ഫെഡറേഷനുകളിലൂടെ നൽകുന്നതാണ്. CIF, ഫെഡറേഷനുകൾ SHG കൾക്ക് മുൻകൂർ വായ്പകൾ നൽകാനും, പൊതുവായതും, കൂട്ടായുള്ളതുമായ സാമ്പത്തികപ്രവർത്തനങ്ങൾ നടത്താനും ഉപയോഗിക്കുന്നതാണ്.

**6. പലിശാനുകൂല്യത്തിന്റെ (Interest Subvention) തുടക്കം**

DAY-NRLM ൽ പലിശാനുകൂല്യം നൽകാനുള്ള ഒരു വ്യവസ്ഥയുണ്ട്. വനിതാ SHG കൾ എടുക്കുന്ന എല്ലാ വായ്പകൾക്കും ബാങ്കുകളോ, മറ്റു ധനകാര്യസ്ഥാപനങ്ങളോ ഈടാക്കുന്ന പലിശനിരക്കും 7 ശതമാനവും തമ്മിലുള്ള അന്തരം നികത്താൻ ചെയ്യാൻ ഇത് ഉപകരിക്കുന്നു. ഓരോ SHGയ്ക്കും ഏറ്റവും കൂടുതൽ 3,00,000 രൂപ വരെയുള്ള വായ്പയ്ക്കാണ് ഇത് ബാധകം. ഇത് രാജ്യം മുഴുവൻ രണ്ട് രീതിയിൽ ലഭ്യമാണ്.

(i). കണ്ടെടുത്തിട്ടുള്ള 250 ജില്ലകളിൽ, ബാങ്കുകൾ, വനിതാ SHG കൾക്ക് 3,00,000/- രൂപ വരെയുള്ള വായ്പകൾ 7 ശതമാന പലിശ നിരക്കിൽ അനുവദിക്കും. കണിശമായി തിരിച്ചടയ്ക്കുന്ന SHG കൾക്ക് 3 ശതമാന അധിക പലിശാനുകൂല്യവും ലഭിക്കും. അപ്രകാരം ഊർജിത നിരക്ക് 4 ശതമാന ആയി കുറയും.

(ii). കണ്ടെടുത്തിട്ടുള്ള അവശേഷിക്കുന്ന ജില്ലകളിൽ വനിതാ SHGകൾക്കു ബാങ്കുകൾ അവയുടെ ബാധകമായ ക്രമനുസരിച്ചുള്ള പലിശയ്ക്ക് വായ്പകൾ നൽകും. DAY-NRLM നു കീഴിൽ വരുന്ന എല്ലാ വനിതാ SHG കളും 3,00,000/- രൂപ വരെയുള്ള വായ്പകൾക്ക്, കണിശമായ തിരിച്ചടവുണ്ടെങ്കിൽ, അവർ നൽകുന്ന പലിശയും 7 ശതമാനവും തമ്മിലുള്ള വ്യത്യാസം, പലിശാനുകൂല്യമായി ലഭിക്കുന്നതിന് യോഗ്യരാകും. MORD നിശ്ചയിച്ചിട്ടുള്ള ഏറ്റവും കൂടുതൽ

ആനുകൂല്യമായ 5.5 ശതമാനത്തിന് വിധേയമായിരിക്കും. പദ്ധതിയുടെ ഈ ഭാഗം SRLM കൾ പ്രാവർ ത്തികമാക്കും.

- പദ്ധതിയുടെ പ്രധാന സവിശേഷതകൾ അനുബന്ധം II-ൽ കൊടുത്തിരിക്കുന്നു.
- തിരഞ്ഞെടുക്കപ്പെട്ട 250 ജില്ലകൾ അനുബന്ധം III-ൽ കൊടുത്തിട്ടുണ്ട്.
- ഇനിയുള്ള വർഷങ്ങളിലെ പലിശാനുകൂല്യം, GOI/RBI, പ്രത്യേകം അറിയിക്കുന്നതാണ്

## 7. ബാങ്കുകളുടെ ചുമതല

**7.1.** സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ തുടങ്ങുക.

എല്ലാ വനിതാ SHG കളേയും, അംഗപരിമിതർ അംഗങ്ങളായിട്ടുള്ളവയേയും, SHG കളുടെ ഫെഡറേഷനുകളേയും അക്കൗണ്ടുകൾ തുടങ്ങിപ്പിക്കുക എന്നതിൽ തുടങ്ങുന്നു ബാങ്കുകളുടെ ആദ്യ ചുമതല. അംഗങ്ങളുടെ സമ്പാദ്യശീലം വളർത്തുന്നതിൽ ഏർപ്പെട്ടിരിക്കുന്ന SHGകൾ, സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ തുടങ്ങാൻ യോഗ്യതയുള്ളവയായിരിക്കും.

(i) ഔദ്യോഗിക ഭാരവാഹികളുടെ കെവൈസി പരിശോധനമാത്രം മതി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ തുടങ്ങാൻ.

(ii) SHG കൾ അക്കൌണ്ട് തുടങ്ങുമ്പോഴോ, ഇടപാടുകൾ നടത്തുമ്പോഴോ, ബാങ്കുകൾ പെർമനന്റ് അക്കൗണ്ട് നമ്പർ (PAN) വേണമെന്ന് നിർബന്ധിക്കേണ്ടതില്ല. 60-ാം നമ്പർ ഫോറത്തിൽ ഒരു പ്രതിജ്ഞാപത്രം എടുത്താൽ മതിയാകും.

(iii) കസ്റ്റമർ ജാഗ്രത (Customer Due Diligence) പാലിക്കപ്പെടേണ്ട സന്ദർഭത്തിൽ SHG അംഗങ്ങളുടെ കെവൈസി രേഖപ്പെടുത്താനായി ബാങ്കിംഗ് റഗുലേഷൻ ഡിപ്പാർട്ടുമെന്റ് 2019 മെയ് 29-ൽ നാളതീകരിച്ച 2016 ഫെബ്രുവരി 25-ലെ പ്രാമാണിക നിർദ്ദേശങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. ആയതിനാൽ, SHGകൾക്കുള്ള ലളിതവത്ക്കരിച്ച നിയമങ്ങളിൽ, SHGകൾ സേവിംഗ്സ് അക്കൗണ്ടുകൾ തുടങ്ങുമ്പോൾ പാലിക്കേണ്ട കസ്റ്റമർ ജാഗ്രത (CDD) നിയമം പാലിക്കേണ്ടതില്ല എന്ന് പറഞ്ഞിട്ടുണ്ട്. ഔദ്യോഗിക ഭാരവാഹികളുടെ CDD മതിയാകും. അംഗങ്ങളുടേയോ ഔദ്യോഗിക ഭാരവാഹികളുടെയോ പ്രത്യേകം പ്രത്യേകമായുള്ള CDD, SHGകളുടെ ക്രെഡിറ്റ് ലിങ്കിംഗ് നടത്തുന്ന സമയത്ത് എടുക്കേണ്ടതില്ല. SHGകളുടെ ക്രെഡിറ്റ് ലിങ്കിംഗ് സമയത്ത് എല്ലാ അംഗങ്ങളും സേവിംഗ്സ് അക്കൗണ്ടുകൾ തുടങ്ങണമെന്നത് ഒരു മുന്നുപാധിയായി വയ്ക്കേണ്ടതില്ല. സ്വയംസഹായസംഘങ്ങൾ

വായ്പക്കും, സമ്പാദ്യത്തിനും പ്രത്യേകം അക്കൗണ്ടുകൾ വയ്ക്കേണ്ടതുണ്ട് എന്ന നിർദ്ദേശം ബാങ്കുകൾ പാലിക്കണം.

### 7.1.2. SHG ഫെഡറേഷനുകളുടെ സേവിംഗ്സ് അക്കൗണ്ടുകൾ

ബാങ്കുകൾ, SHG ഫെഡറേഷനുകളുടെ സേവിംഗ്സ്അക്കൗണ്ടുകൾ, ഗ്രാമതലത്തിൽ, ഗ്രാമപഞ്ചായത്ത് തലത്തിൽ, ക്ലസ്റ്റർ തലത്തിൽ അല്ലെങ്കിൽ ഉപരിതലത്തിൽ തുടങ്ങേണ്ടതാണ്. ഈ അക്കൗണ്ടുകളെ വ്യക്തികളുടെ അസോസിയേഷൻ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഈ അക്കൗണ്ടുകളിൽ ഒപ്പിടുന്നവർക്ക് റിസർവ് ബാങ്കിന്റെ അതാത് കാലങ്ങളിലുള്ള KYC മാനദണ്ഡങ്ങൾ ബാധകമായിരിക്കും.

### 7.1.3. SHG കളുടെയും SHG ഫെഡറേഷനുകളുടെയും സേവിംഗ്സ് അക്കൗണ്ടുകളിലെ ഇടപാടുകൾ.

SHG കളേയും അവയുടെ ഫെഡറേഷനുകളേയും നിഷ്ഠയോടെ അവരവരുടെ സേവിംഗ്സ് അക്കൌണ്ടിലൂടെ ഇടപാടുകൾ നടത്താൻ പ്രോത്സാഹിപ്പിക്കണം. ഇതു സുഗമമാക്കുന്ന തിനുവേണ്ടി, ബാങ്കുകൾ SHGകളുടെയും, ഫെഡറേഷനുകളുടെയും അക്കൌണ്ടുകൾ, ബിസിനസ്സ് കറസ്പോണ്ടൻറ് ഏജൻറർമാർവഴി, പരസ്പരം ഓപ്പറേറ്റു ചെയ്യാവുന്ന രീതിയിൽ സാദ്ധ്യമാക്കേണ്ടതാണ്.

## 7.2. വായ്പകൾക്കുള്ള വ്യവസ്ഥകൾ

**7.2.1.** വായ്പയെടുക്കുന്നതിന് SHGകൾക്കുവേണ്ട യോഗ്യതാമാനദണ്ഡങ്ങൾ.

- കണക്ക്ബുക്കുകൾ അനുസരിച്ച്, SHGകൾ തൊട്ടുമുമ്പ് 6 മാസക്കാലത്തേക്കെങ്കിലും സജീവമായി നിലവിലുണ്ടായിരിക്കണം. അല്ലാതെ എസ്ബി അക്കൌണ്ട് തുടങ്ങിയ തീയതി മുതൽ അല്ല.
- SHG കൾ നിഷ്ഠയോടെയുള്ള യോഗങ്ങൾ, സമ്പാദ്യം, പരസ്പരമുള്ള വായ്പാവിതരണം, കണിശമായ തിരിച്ചടവ്, നാളതീകരിച്ച കണക്ക് ബുക്കുകൾ തുടങ്ങിയ പഞ്ചസൂത്രങ്ങൾ പാലിക്കുന്നവയായിരിക്കണം.
- നബാർഡ് നിശ്ചയിച്ചിട്ടുള്ള തരംതിരിക്കൽ വ്യവസ്ഥകൾ അനുസരിച്ച് യോഗ്യത നേടിയിട്ടുള്ളവ. SHG കളുടെ ഫെഡറേഷനുകൾ നിലവിൽ വന്നുകഴിഞ്ഞാൽ, ബാങ്കുകളെ സഹായിക്കാനായി, ഈ തരംതിരിക്കൽ പ്രക്രിയ ഫെഡറേഷനുകൾക്ക് നിർവ്വഹിക്കാം.
- നിലവിലുള്ള നിഷ്ക്രിയമായ SHG കൾക്കും, അവ പുനരുജ്ജീവിക്കപ്പെട്ട് കുറഞ്ഞത് മൂന്നുമാസത്തിലെങ്കിലും സജീവമായി തുടരുമെങ്കിൽ വായ്പകൾ നൽകാവുന്നതാണ്.

**7.2.2. വായ്പാപേക്ഷ**

SHGകൾക്ക് വായ്പ നൽകാൻ, എല്ലാ ബാങ്കുകളും ഇന്ത്യൻ ബാങ്ക്സ് അസ്സോസിയേഷൻ (IBA) നിർദ്ദേശിച്ച പൊതു അപേക്ഷ ഫോറം ഉപയോഗിക്കണം.

**7.2.3. വായ്പാത്തുക. DAY NRLM –** ന് കീഴിലുള്ള വൈവിദ്ധ്യമാർന്ന അളവിലുള്ള ധനസഹായത്തിനാണ് ഊന്നൽ നൽകേണ്ടത്. ഇതിനർത്ഥം, ഒരു കാലയളവിൽ, SHG കൾക്ക് ആവർത്തിച്ചുനൽകുന്ന അളവുകളിലുള്ള വായ്പകളിലൂടെ, അവയ്ക്ക് വലിയതുകകൾ വായ്പകളായി ലഭിക്കുവാനും അപ്രകാരം ദീർഘകാലം നിലനിൽക്കുന്ന ഉപജീവന പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ജീവിതനിലവാരം മെച്ചപ്പെടുത്താനും കഴിയും എന്നതാണ് SHG കൾക്ക് കാലാവധിവായ്പകളും കാഷ്ക്രെഡിറ്റ് വായ്പകളും, അവയുടെ ആവശ്യമനുസരിച്ച് ലഭിക്കാനാകും. മുന്പെടുത്ത വായ്പ നിലനിൽക്കുന്പോൾ തന്നെ ആവശ്യമുണ്ടെങ്കിൽ അധിക വായ്പകളും എടുക്കാം.

വിവിധങ്ങളായ ആവശ്യങ്ങൾക്ക് എടുക്കാവുന്ന വായ്പതുകകൾ താഴെ കാണും പ്രകാരമായിരിക്കും.

**കാഷ് ക്രെഡിറ്റ് ലിമിറ്റ് (CCL)**

ബാങ്കുകൾ, യോഗ്യതയുള്ള SHG കൾക്ക് CCL ൻറെ കാര്യത്തിൽ ഏറ്റവും കുറഞ്ഞത് 5 ലക്ഷം രൂപ 5 വർഷത്തേക്ക് അനുവദിക്കണം. പണം പിൻവലിക്കാവുന്ന മാനദണ്ഡം (Drawing Power) പ്രതിവാർഷികമായി നിശ്ചയിക്കണം. ഈ മാനദണ്ഡം ഓരോ വർഷവും, തിരിച്ചടവിൻറെ നിലവാരത്തെ അടിസ്ഥാനമാക്കി വർദ്ധിപ്പിക്കണം. പണം പിൻവലിക്കാനുള്ള മാനദണ്ഡം താഴെക്കാണുംവിധം കണക്കാക്കണം.

- DP ആദ്യ തവണ - ഇപ്പോഴത്തെ മൂലസംഖ്യയുടെ (corpus) 6 ഇരട്ടി. അല്ലെങ്കിൽ ഒരു ലക്ഷം രൂപ ഇവയിൽ ഏതാണോ കൂടുതൽ, അത്.
- DP രണ്ടാം തവണ – വർദ്ധിപ്പിക്കുന്ന സമയത്തോ പുനരവലോകനം ചെയ്യുന്ന സമയത്തോ ഉള്ള മൂലസംഖ്യയുടെ എട്ടിരട്ടി അല്ലെങ്കിൽ 2 ലക്ഷം രൂപ, ഇവയിൽ ഏതാണോ കൂടുതൽ, അത്.
- DP മൂന്നാം തവണ – ഏറ്റവും കുറഞ്ഞത് 3 ലക്ഷം രൂപ, SHG തയ്യാറാക്കിയതും ഫെഡറേഷനുകൾ അല്ലെങ്കിൽ, പിൻതാങ്ങുന്ന ഏജൻസി അവലോകനം ചെയ്തതും ആയ മൈക്രോ ക്രെഡിറ്റ് പ്ലാനും മുൻകാലത്തെ വായ്പാ ചരിത്രം എന്നിവയും അടിസ്ഥാനമാക്കി.
- DP നാലാം തവണ മുതൽ ഏറ്റവും കുറഞ്ഞത് 5 ലക്ഷം രൂപ, SHG കൾ തയാറാക്കിയതും, ഫെഡറേഷനുകൾ അല്ലെങ്കിൽ പിൻതാങ്ങുന്ന ഏജൻസി തയ്യാറാക്കിയ മൈക്രോ ക്രെഡിറ്റ് പ്ലാൻ, മുൻകാലത്തെ വായ്പാ ചരിത്രം എന്നിവ അടിസ്ഥാനമാക്കി.

## നിശ്ചിത കാലാവധി വായ്പകൾ (Term Loan)

കാലാവധി വായ്പകൾ, ബാങ്കുകൾ താഴെപ്പറയും വിധം അനുവദിക്കണം.

- ഒന്നാം വർഷം ഒന്നാം തവണ – നിലവിലെ മൂലസംഖ്യയുടെ ആറിരട്ടി അല്ലെങ്കിൽ കുറഞ്ഞത് ഒരു ലക്ഷം രൂപ ഏതാണോ കൂടിയത് അത്.
- രണ്ടാം വർഷം രണ്ടാം തവണ – നിലവിലെ മൂലസംഖ്യയുടെ എട്ടിരട്ടി അല്ലെങ്കിൽ കുറഞ്ഞത് 2 ലക്ഷം രൂപ ഏതാണോ കൂടുതൽ, അത്.
- മൂന്നാം വർഷം മൂന്നാം തവണ- SHG കൾ തയാറാക്കിയതും ഫെഡറേഷനുകൾ അല്ലെങ്കിൽ പിൻതാങ്ങുന്ന ഏജൻസി അവലോകനം ചെയ്യതുമായ മൈക്രോക്രെഡിറ്റ് പ്ലാൻ മുൻ വർഷങ്ങളിലെ വായ്പാ ചരിത്രം എന്നിവ അടിസ്ഥാനമാക്കി, കുറഞ്ഞത് 3 ലക്ഷം രൂപ.
- നാലാം വർഷം നാലാം തവണ. SHG കൾ തയാറാക്കിയതും, ഫെഡറേഷനുകൽ അല്ലെങ്കിൽ പിൻതാങ്ങുന്ന ഏജൻസി അവലോകനം ചെയ്യതുമായ മൈക്രോ ക്രെഡിറ്റ്പ്ലാൻ, മുൻ വർഷങ്ങളിലെ വായ്പാ ചരിത്രവും അടിസ്ഥാനമാക്കി, കുറഞ്ഞത് 5 ലക്ഷം രൂപ.
- അർഹരായ SHG കൾക്ക്, ആവർത്തന വായ്പകൾ നൽകുന്നുണ്ടെന്നുറപ്പു വരുത്താൻ ബാങ്കുകൾ വേണ്ട നടപടികൾ സ്വീകരിക്കണം. SHGകളുടെ വായ്പാപേക്ഷകൾ ഓൺലൈനിൽ സ്വീകരിക്കാൻ, ബാങ്കുകൾ DAY-NRLM മായി സഹകരിച്ച് ഈ പ്രക്രിയ സ്ഥാപനവൽക്കരിക്കേണ്ടതാണ്. അപേക്ഷകളുടെ പ്രയാണം നിരീക്ഷിക്കാനും, എളുപ്പത്തിൽ അവ തീരുമാനിക്കപ്പെടാനും വേണ്ടിയാണിത്.

**SHG യുടെ മൂലസംഖ്യ (Corpus)** റിവോൾവിംഗ് ഫണ്ട്, അതിൻറെ സമ്പാദ്യമിച്ചം, അംഗങ്ങൾക്കു നൽകുന്ന വായ്പകളുടെ പലിശ, മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം, മറ്റു സ്ഥാപനങ്ങൾ/ഏജൻസികൾ പ്രോത്സാഹിപ്പിക്കുന്നവയാണെങ്കിൽ, ആ സ്രോതസ്സിൽ നിന്നുമുള്ള വരുമാനം എന്നിവ ഉൾപ്പെടും.)

## 7.3. വായ്പയുടെ ഉദ്ദേശവും, തിരിച്ചടവും

**7.3.1.** SHG കൾ തയാറാക്കുന്ന മൈക്രോകെഡിറ്റ് പ്ലാനനുസരിച്ചാണ് അംഗങ്ങൾക്ക് വായ്പത്തുകകൾ വിതരണം ചെയ്യുന്നത്. ഈ വായ്പകൾ, അംഗങ്ങൾ ഓരോരുത്തർക്കും സാമൂഹ്യാവശ്യങ്ങൾക്കും, ഉയർന്ന പലിശ നിരക്കിലുള്ള വായ്പകൾ വച്ചുമാറ്റുന്നതിനും, വീടുനിർമ്മാണത്തിനും, വീടിന്റെ കേടുപാടുകൾ തീർക്കുന്നതിനും, ശൗചാലയങ്ങൾ നർമ്മിക്കുന്നതിനും, ഉപജീവനത്തിനുള്ള

സ്ഥിരമായ ഏർപ്പാടുകൾ ഉണ്ടാക്കുന്നതിനും, SHG കൾ തുടങ്ങുന്ന ലാഭകരമായ പൊതുവായ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാ വുന്നതാണ്.

**7.3.2.** SHG അംഗങ്ങൾ വായ്പകൾ ഉപജീവന മാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നത് ത്വരിതപ്പെടുത്താനായി 2 ലക്ഷം രൂപയ്ക്കു മുകളിലുള്ള വായ്പകളുടെ 50 ശതമാനവും, 4 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകളുടെ 75 ശതമാനവും പ്രാഥമികമായി വരുമാനം ഉണ്ടാക്കുന്ന ഉൽപാദന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കണം. SHG കൾ തയാറാക്കുന്ന മൈക്രോ ക്രെഡിറ്റ് പ്ലാൻ (MCP) വായ്പകളുടെ ഉദ്ദേശവും ഉപയോഗവും തീരുമാനിക്കുന്നതിനുള്ള അടിസ്ഥാന മാകും.

### 7.3.3. തിരിച്ചടവിന്റെ പട്ടിക താഴെപ്പറയും പ്രകാരമായിരിക്കും.

- ആദ്യവർഷത്തെ അല്ലെങ്കിൽ ആദ്യ തവണയിലെ വായ്പ 12-18 മാസങ്ങളിൽ പ്രതിമാസ/ത്രൈമാസിക തവണകളായി തിരിച്ചടയ്ക്കണം.
- രണ്ടാം വർഷത്തെ അല്ലെങ്കിൽ രണ്ടാംതവണയിലെ വായ്പ 18-24 മാസങ്ങളിൽ പ്രതിമാസ/ത്രൈമാസിക തവണകളായി തിരിച്ചടയ്ക്കണം.
- മൂന്നാംവർഷത്തെ അല്ലെങ്കിൽ മൂന്നാംതവണയിലെ വായ്പ 24-36 മാസങ്ങളിൽ പ്രതിമാസ/ ത്രൈമാസിക തവണകളായി തിരിച്ചടയ്ക്കണം.
- നാലാം വർഷം അല്ലെങ്കിൽ നാലാംതവണ മുതലുള്ള വായ്പ 3-6 വർഷങ്ങൾക്കിടയിൽ/പണവരവ് അടിസ്ഥാനമാക്കി പ്രതിമാസ/ ത്രൈമാസിക തവണകളായി തിരിച്ചടയ്ക്കണം.

## 7.4. ജാമ്യവും മാർജിനും

SHG കൾക്കുള്ള 10 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് അധിക ജാമ്യമോ മാർജിനോ വാങ്ങേണ്ടതില്ല SHG കൾ വായ്പ അനുവദിക്കുമ്പോൾ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ ബാദ്ധ്യത രേഖപ്പെടുത്തുകയോ, നിക്ഷേപങ്ങൾ വേണമെന്ന് നിർബന്ധിക്കുകയോ ചെയ്യരുത്.

## 7.5. തിരിച്ചടവ് വീഴ്ച വരുത്തുന്നവർ

**7.5.1.** ബോധപൂർവ്വം വീഴ്ചവരുത്തുന്നവർക്ക് DAY-NRLM-ൽ വായ്പകൾ അനുവദിക്കാതി രിക്കുന്നതാണ് ആശാസ്യമായിട്ടുള്ളത്. ഇങ്ങനെയുള്ളവർ ഗ്രൂപ്പിൽ അംഗങ്ങളായുണ്ടെങ്കിൽ ഗ്രൂപ്പിന്റെ തന്നെ സമ്പാദ്യ-വായ്പാ പ്രവർത്തനങ്ങളിൽ നിന്നും, റിവോൾവിംഗ് ഫണ്ടിന്റെ സഹായത്തോടെ സ്വരൂപിക്കുന്ന മൂലസംഖ്യയിൽനിന്നും പ്രയോജനം ലഭിക്കാൻ അനുവദിക്കണം. എന്നാൽ SHG കൾ അവയുടെ അംഗങ്ങൾ സാമ്പത്തിക പ്രവർത്തനങ്ങൾ തുടങ്ങാനായി ബാങ്ക്

വായ്പകൾ എടുക്കുന്ന സമയത്ത്, ബോധപൂർവ്വം മുടക്കം വരുത്തുന്നവർക്ക് അവരുടെ കുടിശിഖ അടച്ചുതീർത്തല്ലാതെ, വായ്പകളുടെ പ്രയോജനം നൽകരുത്. ഗ്രൂപ്പിൽ ബോധപൂർവ്വം മുടക്കം വരുത്തുന്നവർക്ക് DAY-NRLM-പദ്ധതിയുടെ പ്രയോജനം കിട്ടാൻ പാടില്ല. വായ്പാരേഖകൾ തയാറാക്കുമ്പോൾ, ഇത്തരം മുടക്കക്കാരെ ഒഴിവാക്കണം. എന്നിരുന്നാലും, ഒരംഗത്തിന്റെ ഭാര്യ/ഭർത്താവ് എന്നിവരോ, കുടുംബത്തിലെ മറ്റംഗങ്ങളോ ബാങ്ക് വായ്പ മുടക്കം വരുത്തിയവരാണെന്ന ഒഴിവുകഴിവ് പറഞ്ഞ് ഗ്രൂപ്പിനുമൊത്തം വായ്പ നിഷേധിക്കാൻ പാടില്ല. കൂടാതെ, ബോധപൂർവ്വമല്ലാതെ വായ്പ മുടക്കിയവരെ വായ്പ ലഭിക്കുനനതിൽനിന്നും നിരാകരിക്കരുത്. മുടക്കം വന്നുപോയത് തക്കതായ കാരണങ്ങളാലാണെങ്കിൽ, വായ്പ പുനർഘടനയ്ക്ക് വിധേയമാക്കി പുതുക്കിയ തിരിച്ചടവ് പട്ടിക നിശ്ചയിച്ചു നൽകുന്ന വ്യവസ്ഥകൾ പാലിക്കണം.

## 8. വായ്പാ ലക്ഷ്യത്തിന്റെ ആസൂത്രണം. (Credit Target Plan)

8.1. നബാർഡ് തയാറാക്കിയ സാദ്ധ്യതാനുബന്ധ പ്ലാനോ, സംസ്ഥാന ലക്ഷ്യരേഖയോ അടിസ്ഥാനമാക്കി SHG ബാങ്ക്ബന്ധപ്പെടലിനായുള്ള SLBC ഉപസമിതി, ജില്ലാ ബ്ലോക്ക്, ശാഖാതലങ്ങളിലുള്ള വായ്പാപ്ലാനുകൾ ആസൂത്രണം ചെയ്യും. സംസ്ഥാനങ്ങളുടെ വായ്പാ ലക്ഷ്യങ്ങൾ കണക്കാക്കുന്നതിന്, ഈ ഉപസമിതി, നിലവിലുള്ളവയും, നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുതിയതും ആവർത്തിച്ചുള്ളതുമായ വായ്പകൾക്ക് അനുയോജ്യരായി SRLM-കൾ നിർദ്ദേശിച്ചവയുമായ SHG കളുടെ എണ്ണം കണക്കിലെടുക്കണം. അങ്ങിനെ നിശ്ചയിക്കപ്പെട്ട ലക്ഷ്യങ്ങൾ SLBC–യുടെ അംഗീകാരം നേടണം. കാര്യക്ഷമമായ നടപ്പിലാക്കലിനുവേണ്ടി കാലാകാലങ്ങളിൽ ഇവ അവലോകനം ചെയ്യുകയും നിരീക്ഷണത്തിന് വിധേയമാക്കേണ്ടതുമാണ്.

8.2. ജില്ലാതല വായ്പാ പ്ലാൻ DCC-യെ അറിയിക്കണം. ബ്ലോക്ക്/ക്ലസ്റ്റർതല ലക്ഷ്യങ്ങൾ നിയന്ത്രകരിലൂടെ ബാങ്ക് ശാഖകളെ അറിയിക്കണം.

## 9. വായ്പ നൽകിയതിനുശേഷമുള്ള തുടർനടപടികൾ

9.1. തദ്ദേശ ഭാഷകളിൽ തയാറാക്കിയ ലോൺ പാസ്സ് ബുക്കുകളോ, അക്കൗണ്ട് സ്റ്റേറ്റുമെന്റുകളോ SHG കൾക്ക് നൽകണം. ഈ പാസ്സുബുക്കുകളിൽ അവർക്കു നൽകിയ വായ്പകളുടെ എല്ലാ വിവരങ്ങളും, ആ വായ്പകൾക്കു ബാധകമായ വ്യവസ്ഥകളും രേഖപ്പെടുത്തിയിരിക്കണം. SHG കൾ നടത്തുന്ന ഓരോ ഇടപാടും ഉൾപ്പെടുത്തി നാളതീകരിച്ചു നൽകണം. സാമ്പത്തിക സാക്ഷരതയുടെ ഭാഗമായി, വായ്പകൾ നൽകുമ്പോഴും അവയ്ക്കുവേണ്ട രേഖകൾ എടുക്കുമ്പോഴും വ്യവസ്ഥകൾ വിസ്തരിച്ചു വിശദമാക്കി കൊടുക്കുന്നത് നന്നായിരിക്കും.

9.2. ജീവനക്കാർ ഫീൽഡിൽ പോയി SHGകളുടേയും ഫെഡറേഷനുകളുടേയും യോഗങ്ങ ളിൽ പങ്കെടുത്ത് SHGകളുടെ പ്രവർത്തനങ്ങളും, യോഗങ്ങളുടെ കൃത്യതയും നിരീക്ഷിക്കാൻ കഴിയുംവിധം ബാങ്ക് ശാഖകൾ രണ്ടാഴ്ചയിൽ ഒരിക്കൽ ഒരു നിശ്ചിത ദിവസം മാറ്റിവയ്ക്കണം.

## 10. തിരിച്ചടവ്

വായ്പകളുടെ കണിശമായ തിരിച്ചടവ് പദ്ധതിയുടെ വിജയം ഉറപ്പാക്കാൻ ആവശ്യമാണ്. വ്യക്തിപരമായ ഇടപെടൽ, DRDA, ജില്ലാമിഷൻ മാനേജ്മെൻറ് യൂണിറ്റുകൾ (DPMUS) എന്നിവയുമായി കൂട്ടുചേർന്നുള്ള പിരിച്ചെടുക്കൽ ക്യാമ്പുകളുടെ സംഘാടനം എന്നിവയിലൂടെ ബാങ്കുകൾ സാദ്ധ്യമായ മാർഗ്ഗങ്ങൾ സ്വീകരിച്ച് വായ്പകളുടെ തിരിച്ചടവ് ഉറപ്പാക്കണം. തിരിച്ചടവിൻറ പ്രാധാന്യം മുൻനിറുത്തി ബാങ്കുകൾ വായ്പ മുടക്കുന്ന DAY-NRLM-ന് കീഴിലുള്ള SHG കളുടെ പട്ടിക ഓരോ മാസവും തയാറാക്കി BLBC, DCC യോഗങ്ങളിൽ സമർപ്പിക്കണം. ജില്ലാതലത്തിലും, ബ്ലോക്കുതലത്തിലുമുള്ള DAY-NRLM-ജീവനക്കാരുടെ സഹായം, തിരിച്ചടവ് ത്വരിതപ്പെടുത്തുന്നതിന് ബാങ്കുകൾക്കുവേണ്ട പിന്തുണ ഉറപ്പാക്കും.

## 11. SRLM-കളിലേക്ക് ബാങ്കുദ്യോഗസ്ഥരുടെ ഡപ്യൂട്ടേഷൻ

ഒരു മെച്ചപ്പെട്ട വായ്പാന്തരീക്ഷം ഉണ്ടാക്കുന്നതിനും DPMR കൾ /DRDA എന്നിവ ശക്തിപ്പെടുത്താനും DPMR കൾ /DRDA എന്നിവയിലേക്ക് ബാങ്ക് ഉദ്യോഗസ്ഥരെ ഡപ്യൂട്ട് ചെയ്യുന്നകാര്യം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ബാങ്കുകൾ സംസ്ഥാന ഗവൺമെന്റെുകളിലേക്കും DRDA കളിലേക്കും അവരുമായി ചർച്ചനടത്തി വിവിധ തലങ്ങളിലേക്ക്, ബാങ്കുദ്യോഗസ്ഥരെ ഡപ്യൂട്ട് ചെയ്യുന്നകാര്യം ആലോചിക്കണം.

## 12. പദ്ധതിയുടെ മേൽനോട്ടവും, നിരീക്ഷണവും.

ബാങ്കുകൾ പ്രാദേശികതലങ്ങളിലും മേഖലാതലങ്ങളിലും DAY-NRLM- സെല്ലുകൾ സ്ഥാപിക്കണം. ഈ സെല്ലുകൾ ആനുകാലികമായി SHG കൾക്കുള്ള വായ്പകളുടെ ഒഴുക്ക് നിരീക്ഷിക്കുകയും അവലോകനം നടത്തുകയും, പദ്ധതിയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും, ശാഖകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും, ക്രോഡീകരിച്ച വിവരങ്ങൾ, ഹെഡ് ഓഫീസിലും, ജില്ലാ/ബ്ലോക്ക്തലങ്ങളിലുള്ള DAY-NRLM- യൂണിറ്റു കളിലും ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. സെല്ലുകൾ ഇപ്രകാരം ക്രോഡീകരിച്ച വിവരങ്ങൾ SLBC, BLBC, DCC എന്നിവയുടെ യോഗങ്ങളിൽ, പതിവായി ചർച്ച ചെയ്യുകയും വേണം.

സംസ്ഥാനത്തെ ഉദ്യോഗസ്ഥൻമാരുമായും എല്ലാ ബാങ്കുകളുമായും ഫലപ്രദമായ സമ്പർക്കം നിലനിർത്താൻ ഇത് സഹായിക്കും.

## 12.1. സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി

ബാങ്കുകളും SHG കളുമായുള്ള ബന്ധിപ്പിക്കലിനുവേണ്ടി SLBC കൾ ഒരു സബ് കമ്മിറ്റി രൂപീകരിക്കണം. ഈ സബ് കമ്മിറ്റിയിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ബാങ്കുകളും, ആർബിഐ, നബാർഡ് SRLM-ൻറെ CEO, സംസ്ഥാനത്തെ ഗ്രാമവികസന വകുപ്പിൻറ പ്രതിനിധികൾ, ഇൻസ്റ്റിറ്റ്യൂഷനൽ ഫിനാൻസ് സെക്രട്ടറി തുടങ്ങിയവർ ഉണ്ടായിരിക്കണം. SHG ബാങ്ക് ബന്ധത്തിന്റെ അവലോകനം, പരിമിതികൾ, നടപ്പിലാക്കൽ, നിരീക്ഷണം, വായ്പാലക്ഷ്യങ്ങൾ നേടുന്നതിനു നേരിടുന്ന പ്രശ്നങ്ങൾ /പരിമിതികൾ എന്നിവ പ്രധാന ചർച്ചാവിഷയങ്ങളാക്കി സബ് കമ്മിറ്റി മാസത്തിലൊരിക്കൽ യോഗം ചേരണം. SLBC യുടെ തീരുമാനങ്ങൾ, സബ് കമ്മിറ്റി റിപ്പോർട്ടുകളുടെ വിശകലനങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞവയായിരിക്കണം.

## 12.2. ജില്ലാ ഏകോപന സമിതി

DCC (DAY-NRLM സബ് കമ്മിറ്റി) ജില്ലാതലത്തിൽ SHG കൾക്കുള്ള വായ്പകളുടെ ഒഴുക്ക്, തുടർച്ചയായി നിരീക്ഷിക്കുകയും, ജില്ലാതലത്തിൽ SHG കൾക്കുള്ള വായ്പകളുടെ ഒഴുക്ക് നിലനിർത്താൻ നേരിടുന്ന പരിമിതികൾ പരിഹരിക്കുകയുംവേണം. ഈ സമിതിയുടെ യോഗത്തിൽ, LDM-കൾ നബാർഡ് AGM, ബാങ്കുകളുടെ ജില്ലാ ഏകോപന ചുമതലയുള്ള ഉദ്യോഗസ്ഥർ, DAY-NRLM-നെ പ്രതിനിധീകരിച്ച് DPMU ജീവനക്കാർ, SHG ഫെഡറേഷനു കളുടെ ഭാരവാഹികൾ എന്നിവരുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കണം.

## 12.3. ബ്ലോക്കുതല ബാങ്കേഴ്സ് സമിതി (BLBC)

BLBC തുടരെ യോഗം ചേർന്നു ബ്ലോക്കുതലത്തിലുള്ള SHG ബാങ്ക് ബന്ധങ്ങളിലെ പ്രശ്നങ്ങൾ പരിഗണിക്കണം. SHG കളേയും അവയുടെ ഫെഡറേഷനുകളേയും, ഈ സമിതിയിൽ അവരുടെ അംഗങ്ങളായി ഉൾപ്പെടുത്തണം. ശാഖാതലത്തിലുള്ള SHG വായ്പകളുടെ നിരീക്ഷണം BLBC നടത്തേണ്ടതാണ്. (ഇതിന് അനുബന്ധം ബി-യും സി-യും ഉപയോഗിക്കാം)

## 12.4. ലീഡ് ഡിസ്ട്രിക്റ്റ് മാനേജർമാർക്കുള്ള റിപ്പോർട്ട്

DAY-NRLM –വിവിധ പ്രവർത്തനങ്ങളിലെ പുരോഗതി, പോരായ്മ എന്നിവ സംബന്ധിച്ച്, ഓരോ മാസവും അനുബന്ധം IV, അനുബന്ധം V എന്നിവയിൽ, SLBC

യുടെ പ്രത്യേക സ്റ്റിയറിംഗ് കമ്മിറ്റി, സബ് കമ്മിറ്റി എന്നിവയ്ക്ക് അയച്ചുകൊടുക്കാനായി, ശാഖകൾ സമർപ്പിക്കണം.

### 12.5. ആർബിഐ ക്കുള്ള റിപ്പോർട്ട്

DAY-NRLM കൈവരിച്ച പുരോഗതി സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ, ബാങ്കുകൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച്, ആർബിഐ/നബാർഡ് എന്നിവയ്ക്ക് ത്രൈമാസിക ഇടവേളകളിൽ സമർപ്പിക്കേണ്ടതാണ്. ത്രൈമാസിക വിവരങ്ങൾ ഒരു മാസത്തിനകം സമർപ്പിക്കണം.

### 12.6. LBR റിപ്പോർട്ടുകൾ

LBR റിപ്പോർട്ടുകൾ ശരിയായ കോഡുകളിൽ നിലവിലുള്ള നടപടിക്രമം അനുസരിച്ച് തുടർന്നും സമർപ്പിക്കേണ്ടതാണ്.

## 13. വിവരങ്ങൾ പങ്കുവയ്ക്കൽ

പരസ്പരം സമ്മതത്തോടുകൂടി സ്വീകരിച്ച ഫോർമാറ്റിലും, ഇടവേളകളിലും വിവരങ്ങൾ DAY-NRLM–കളുമായി, സംസ്ഥാന ഗ്രാമ-ഉപജീവന മിഷനുകളുമായും പങ്കുവയ്ക്കണം. തിരിച്ചടവ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് വിവിധ ഉപായങ്ങൾ സ്വീകരിക്കാൻ വേണ്ടിയാണിത്. SHG കൾക്കു നൽകിയിട്ടുള്ള വായ്പകളെ സംബന്ധിച്ച്, ബന്ധപ്പെട്ട ബാങ്കുകൾ, DAY-NRLM–ആയിട്ടോ SRLM കൾക്കോ വിവരങ്ങൾ CBS പ്ലാറ്റ്ഫോമിൽ, തുടർച്ചയായി പങ്കുവയ്ക്കണം.

## 14. DAY-NRLM ബാങ്കുകൾക്കു നൽകുന്ന പിന്തുണ.

14.1. SRLM പ്രധാന ബാങ്കുകളുമായി വിവിധതലങ്ങളിൽ തന്ത്രപരമായ പങ്കാളിത്തങ്ങൾ വളർത്തിയെടുക്കണം. ബാങ്കുകൾക്കും പാവപ്പെട്ടവർക്കും പരസ്പരപ്രയോജന കമായ ബന്ധം കെട്ടിപ്പടുക്കാനായി, SRLM സഹായകരമായ സാഹചര്യങ്ങൾ സൃഷ്ടിക്കണം.

14.2. സാമ്പത്തിക സാക്ഷരത, സമ്പാദ്യ ശീലത്തെ സംബന്ധിച്ചുള്ള ഉപദേശങ്ങൾ എന്നിവ പ്രദാനംചെയ്തും, വായ്പകൾ, ഇൻഷുറൻസ്, പെൻഷൻ, സൂക്ഷ്മനിക്ഷേപ പദ്ധതിയിൽ അന്തർലീനമായ ത്രാണിവളർത്തുന്നതിൽ പരിശീലനം നൽകുക എന്നിവയിലൂടെയും SRLM, SHG കൾക്ക് പിന്തുണ നൽകും.

14.3. കുടിശിഖകൾ തിരിച്ചു പിടിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയും, SHG കൾക്ക് വായ്പകൾ നൽകുന്ന ഓരോ ബാങ്ക്ശാഖയിലും കസ്റ്റമർ റിലേഷൻഷിപ്പ്

മാനേജർമാരെ (ബാങ്ക്മിത്ര/സഖി) അണിനിരത്തിയും, പാവപ്പെട്ട ഇടപാപാടു കാർക്ക് ശ്രേഷ്ഠമായ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിന്, SRLM കൾ ബാങ്കുകൾക്ക് വേണ്ട പിന്തുണ നൽകണം.

14.4. പാവപ്പെട്ടവരുടെ സ്ഥാപനങ്ങളും IT മൊബൈൽ സാങ്കേതികകളും ഇണക്കിയും, യുവാക്കളെ അല്ലെങ്കിൽ SHG അംഗത്തെ ബിസിനസ്സ് നിർവാഹകരായും ബിസിനസ്സ് പ്രതിനിധികളായും ഏർപ്പെടുത്തി പിന്തുണ നൽകണം.

### 14.5. സമൂഹാടിസ്ഥാനത്തിലുള്ള തിരിച്ചടവ് പ്രക്രിയ (Community Based Repayment Mechanism (CBRM))

വായ്പത്തുകകൾ ശരിയായി ഉപയോഗിക്കുന്നു, എന്നുറപ്പുവരുത്താനും, തിരിച്ചടവിനും മറ്റുമായി ബാങ്കുകൾക്കുവേണ്ട പിന്തുണനൽകുന്നതിന് ഗ്രാമ/ക്ലസ്റ്റർ/ ബ്ലോക്ക് തലങ്ങളിൽ, SHG –ബാങ്ക് ബന്ധം വളർത്താൻ വേണ്ടി ഒരു പ്രത്യേക സബ് കമ്മിറ്റി രൂപീകരികണം.

ഗ്രാമതല ഫെഡറേഷനുകളിൽ നിന്നുള്ള ഈ കമ്മിറ്റിയിലെ അംഗങ്ങൾ പ്രോജക്ട് ജീവനക്കാരുമായിയോജിച്ച്, ശാഖാമാനേജരുടെ അദ്ധ്യക്ഷതയിൽ, ബാങ്ക് മന്ദിരത്തിൽ വച്ചു മാസത്തിലൊരിക്കൽ യോഗം കൂടണം. ബാങ്കുകളുമായുള്ള ബന്ധത്തെപറ്റിയുള്ള കാര്യങ്ങളായിരിക്കണം ചർച്ചാവിഷയങ്ങൾ.

**അനുബന്ധം-I**

## DAY-NRLM ന്റെ പ്രമുഖ സവിശേഷതകൾ

### 1. ആഗോള സോഷ്യൽ മൊബിലൈസേഷൻ

ഒരു തുടക്കമെന്ന നിലയിൽ, DAY-NRLM, കണ്ടെടുക്കപ്പെട്ട പാവപ്പെട്ട കുടുംബത്തിൽ നിന്ന് ഒരംഗത്തെയെങ്കിലും, അതൊരു വനിതയായിരുന്നാൽ നന്നായിരിക്കും, ഒരു സമയബന്ധിതമായ രീതിയിൽ സ്വയം സഹായ ഗ്രൂപ്പിന്റെ കീഴിൽ ഉൾപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തണം. തുടർന്ന് കർഷക സംഘടനകൾ, പാലുല്പാദക സഹകരണ സംഘങ്ങൾ, നെയ്ത്തുകാരുടെ കൂട്ടായ്മകൾ തുടങ്ങിയവരുടെ ഉപജീവനമാർഗ്ഗങ്ങൾ ചർച്ച ചെയ്യുന്നതിന് സ്ത്രീകളേയും പുരുഷന്മാരേയും സംഘടിപ്പിക്കണം. ഈ സ്ഥാപനങ്ങളെല്ലാം തന്നെ പരിവ്യാപന സ്വഭാവമുള്ളതായിരിക്കണം. പാവപ്പെട്ട ഒരാൾപോലും ഒഴിവാക്കപ്പെടരുത്. സ്വയമേ ഉൾപ്പെടുത്തപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഉൾപ്പെട്ട വീടുകളുടേയും, സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് (SECC) അനുസരിച്ച് ഏറ്റവും ചുരുങ്ങിയത് ഒരു മാനദണ്ഡത്തിൻ കീഴിൽ വരുന്ന വീടുകളുടേയും, 100% പരിരക്ഷ എന്ന് പരിഗണിക്കുമ്പോഴും, DAY-NRLM, സമൂഹത്തിലെ ഏറ്റവും ദുർബലവിഭാഗങ്ങളുടെ പരിരക്ഷ, 50% ഗുണഭോക്താക്കൾ SC/ST യിൽ നിന്നും, 15% ന്യൂനപക്ഷങ്ങളിൽനിന്നും 3% അംഗപരിമിതിയുള്ള വരിൽനിന്നും എന്ന രീതിയിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

### 2. പാവങ്ങളെ അവരുടെ പങ്കാളിത്തത്തോടെ കണ്ടെത്തൽ (Participatory Identification of Poor – PIP)

SGSY യുമായുള്ള അനുഭവം കാണിക്കുന്നത് നിലവിലെ BPL പട്ടികയിൽ ധാരാളം പേരെ തെറ്റായി ഉൾപ്പെടുത്തിയതായും, തെറ്റായി ഒഴിവാക്കപ്പെട്ടതായു മാണ്. ലക്ഷ്യമാക്കുന്ന ഗ്രൂപ്പുകളെ BPL പട്ടികയ്ക്കും അതീതമായി വിപുല പ്പെടുത്താൻ സാമൂഹ്യ സാമ്പത്തിക-ജാതിയടിസ്ഥാന സെൻസസ് (Socio-economic and caste census SECC) അനുസരിച്ചും, അധസ്ഥിതാവസ്ഥയുടെ ഒരു മാനദണ്ഡത്തിൻ കീഴിലെങ്കിലും ഉൾപ്പെടുന്ന അർഹരായ കുടുംബങ്ങളെ എല്ലാവരെയും ഉൾപ്പെടുത്തണം. DAY-NRLM സാമൂഹ്യാടിസ്ഥാനത്തിലുള്ള പ്രക്രിയ കൈക്കൊള്ളണം. അതായത്, ലക്ഷ്യമാക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്ന

പ്രക്രിയയിൽ പാവങ്ങളുടെ പങ്കാളിത്തവും ഉറപ്പാക്കണം. ഭദ്രമായ പ്രവർത്തനസമ്പ്രദായങ്ങളും, ഉപായങ്ങളും (സാമൂഹ്യാടിസ്ഥാനത്തിലുള്ള വേർതിരിക്കലുകൾ, ക്ഷേമസ്ഥിതി അടിസ്ഥാനമാക്കിയുള്ള വേർതിരിവും, അധസ്ഥിതാവസ്ഥാ സൂചനകളും) പ്രാദേശികമായി അനുഭവപ്പെട്ടിട്ടുള്ളതും സ്വീകരിക്കപ്പെട്ടിട്ടുള്ളതുമായ മാനദണ്ഡങ്ങളും അടിസ്ഥാനമാക്കിയുള്ള പങ്കാളിത്തപ്രക്രിയ, പ്രാദേശികമായുള്ള അഭിപ്രായസമന്വയവും അതുവഴി ഉൾപ്പെടുത്തൽ ഒഴിവാക്കൽ എന്നിവയിലെ തെറ്റുകൾ കുറയ്ക്കുന്നു. വർഷങ്ങളായി, പാവങ്ങളെ പങ്കാളിത്തസമ്പ്രദായത്തിലൂടെ തിരഞ്ഞെടുക്കുന്ന പ്രക്രിയ, എ.പി. കേരളം, തമിഴ്നാട്, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ വികസിപ്പിച്ച് വിജയകരമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

SECC അനുസരിച്ചുള്ള ഒരു അധ:സ്ഥിത മാനദണ്ഡമെങ്കിലുമനുസരിച്ചു കണ്ടെടുത്ത വീടുകൾ, PIP പ്രക്രിയ അനുസരിച്ച് കണ്ടെടുത്ത വീടുകളോടൊപ്പം ലക്ഷ്യമാക്കുന്ന ഗ്രൂപ്പായി DAY-NRLM സ്വീകരിക്കും. അവർ ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് അർഹരായിരിക്കും. PIP പ്രക്രിയപ്രകാരം തയാറാക്കിയ പട്ടിക ഗ്രാമസഭ പരിശോധിക്കുകയും ഗ്രാമ പഞ്ചായത്ത് അംഗീകരിക്കുകയും ചെയ്യുന്നതാണ്.

ഒരു പ്രത്യേക ജില്ലയിൽ അല്ലെങ്കിൽ ബ്ലോക്കിൽ PIP പ്രക്രിയ നടക്കുന്നതുവരെ, SECC പ്രകാരം ഒരു അധസ്ഥിത മാനദണ്ഡത്തിൻ കീഴിൽ വരുന്ന ഗ്രാമീണ വീടുകളെ DAY-NRLM നു കീഴിൽ ലക്ഷ്യമാക്കാവുന്നതാണ്. DAY-NRLM ന്റെ പ്രവർത്തന ചട്ടക്കൂട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതുപോലെ SHG കളിലെ മൊത്തഅംഗങ്ങളിൽ 30% ജനങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് തൊട്ടുമുകളിലുള്ളവ രാകാം. ഇത് ഗ്രൂപ്പിലെ മറ്റംഗങ്ങളുടെ അംഗീകാരത്തിനു വിധേയമായിരിക്കും. ഈ 30 ശതമാനത്തിലുൾപ്പെട്ട വീടുകളിലു ള്ളവർ SECC പട്ടികയിൽ പേരില്ലാത്തവരും എന്നാൽ SECC പട്ടികയിൽ ഉൾപ്പെട്ട മറ്റുള്ളവരെപോലെതന്നെ പാവങ്ങളും ആയിരിക്കും.

### 3. നിർദ്ധനരുടെ സ്ഥാപനങ്ങൾക്കു പ്രോത്സാഹനം

SGSY കൾ, അവയുടെ ഗ്രാമതലത്തിലും അതിനുമുകളിലുമുള്ള ഫെഡറേഷനുകൾ എന്നീ നിർദ്ധനരുടെ ശക്തമായ സ്ഥാപനങ്ങൾ, ബാഹ്യഏജൻസികളിൽ മേൽ അവർക്കുള്ള ആശ്രയം കുറയ്ക്കാനായി. നിർദ്ധനർക്കുവേണ്ട ഇടങ്ങളും, ശബ്ദവും അവർക്കുവേണ്ട വിഭവങ്ങളും പ്രദാനം ചെയ്യണം. അവ, നിർദ്ധനരെ ശക്തരാക്കുന്നു. അവർക്കു, അറിവിന്റേയും സാങ്കേതികപ്രചാരത്തിന്റെ ഉപകരണങ്ങളായും, ഉല്പാദനത്തിന്റെയും കൂട്ടായ്മയുടേയും വ്യാപാരത്തിന്റെയുമെല്ലാം കേന്ദ്രമായി വർത്തിക്കുകയും

ചെയ്യും. ആയതിനാൽ DAY-NRLM വിവിധതലങ്ങളിൽ ഈ സ്ഥാപന ങ്ങൾ രൂപീകരിച്ച് ഇതിനുമുപരി, വൻതോതിലുള്ള ഉല്പാദനത്തിലൂടെയും, മുൻപിൻ ബന്ധങ്ങൾ സ്ഥാപിച്ചും, വിജ്ഞാനം, വായ്പാലബ്ധി, സാങ്കേതികത്വം, വിപണികൾ എന്നിവയുടെ സാമീപ്യം നേടിയും, DAY-NRLM ഉപജീവനകൂട്ടായ്മകൾ, ഉല്പാദകരുടെ സഹകരണ സംരംഭങ്ങൾ, കമ്പനികൾ എന്നിവയെ, ഉപജീവന മാർഗ്ഗങ്ങൾക്കു പ്രചോദനമായി, വളർത്തണം. ഉപജീവന കൂട്ടായ്മകൾ, നിർദ്ധനരുടെ പരിമിതമായ വിഭവങ്ങളെ കഴിയുന്നത്ര കൂടുതൽ ഫലപ്രാപ്തിയിലെത്തിക്കാൻ സഹായിക്കും.

**4. നിർദ്ധനരുടെ നിലവിലുള്ള SHG കളും ഫെഡറേഷനുകളും ശക്തിപ്പെടുത്തൽ.**

ഗവൺമെന്റിന്റെയും, NGO കളുടെയും പരിശ്രമങ്ങൾകൊണ്ട് രൂപീകൃതമായ, പാവപ്പെട്ട സ്ത്രീകളുടെ സ്ഥാപനങ്ങൾ നിലവിലുണ്ട്. DAY-NRLM നിലവിലുള്ള പാവപ്പെട്ടവരുടെ ഇത്തരം സ്ഥാപനങ്ങളെ ഒരു പങ്കാളിത്തമനോഭാവത്തോടെ ശക്തിപ്പെടുത്തണം. ഗവർൺമെന്റ് തലത്തിലും, NGO വിഭാഗത്തിലുമുള്ള, സ്വയംസഹായ ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്ന സ്ഥാപനങ്ങൾ, കൂടുതൽ സുതാര്യത സന്നിവേശിപ്പിക്കുന്നതിനായി, സാമൂഹ്യപ്രതിബദ്ധതാശീലങ്ങൾ വളർത്തിയെടുക്കണം. ഇത്, SRLM കളും ഗവൺമെൻറും ആവിഷ്കരിക്കുന്ന പ്രക്രിയകൾക്കു പുറമേയായിരിക്കണം. മറ്റൊന്നിൽ നിന്നും അറിവുനേടുന്നത് DAY-NRLM –ലെ സുപ്രധാന അറിവുനേടൽ പ്രക്രിയക്ക് അടിസ്ഥാനമായി വർത്തിക്കും.

**5. പരിപാലനം, ശേഷി/നൈപുണ്യ വികസനം എന്നിവയ്ക്ക് ഊന്നൽ**

വിപണികളുമായി ബന്ധങ്ങൾ സൃഷ്ടിച്ചും, നിലവിലുള്ള ഉപജീവനമാർഗ്ഗങ്ങൾ മാനേജ് ചെയ്തും, വായ്പാകർഷണശേഷിയും വിശ്വാസ്യതയും വർദ്ധിപ്പിച്ചും, സ്ഥാപനങ്ങൾ മാനേജ് ചെയ്തുപോകാൻ വേണ്ട നൈപുണ്യം നിർദ്ധനർ നേടുന്നുണ്ടെന്ന്, DAY-NRLM ഉറപ്പുവരുത്തണം. ലക്ഷ്യപരിധിയിലുള്ള കുടുംബങ്ങൾ, SHG കൾ, അവയുടെ ഫെഡറേഷനുകൾ, ഗവൺമെൻറ് അധികാരികൾ, ബാങ്കുകൾ, NGO-കൾ പ്രധാനപ്പെട്ട മറ്റ് തല്പരകക്ഷികൾ എന്നിവരുടെ ശേഷി തുടരെ പരിപോഷിപ്പിക്കുന്നതിനു ബഹുമുഖമായ ഒരു സമീപനം ഇവിടെ വിഭാവനം ചെയ്യുന്നു. സമൂഹത്തിൽ തന്നെ ലഭ്യമായിട്ടുള്ള വിദഗ്ധരേയും, പ്രത്യുല്പന്നമതികളേയും ഇടപെടുത്തി, SHG കളുടേയും അവരുടെ ഫെഡറേഷനുകളുടേയും, മറ്റു കൂട്ടായ്മകളു ടേയും ശേഷി പരിപോഷിപ്പിക്കുക എന്നത് പ്രത്യേക ലക്ഷ്യമാക്കണം. വിജ്ഞാന പ്രചരണവും, ശേഷിപരിപോഷ

ണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് DAY-NRLM ICT യെ വിപുലമായി ഉപയോഗിക്കണം.

## 6. ചാക്രികഫണ്ടും, സാമൂഹ്യ നിക്ഷേപ പിന്തുണ ഫണ്ടും (Revolving Fund and community Investment support Fund (CIF)

സമ്പാദ്യം ഒരു ശീലമെന്ന നിലയിൽ ബോദ്ധ്യപ്പെടുത്താനും, അവരുടെതന്നെ ഫണ്ടുകൾ ദീർഘകാലാടിസ്ഥാനത്തിലും വായ്പാവശ്യങ്ങൾക്കും, വീട്ടാവശ്യങ്ങൾക്കും വേണ്ട തുകകൾ കൂട്ടിവയ്ക്കുന്നതിനും, യോഗ്യതയുള്ള SHG കൾക്ക് ഒരു ചാക്രിക ഫണ്ട് നൽകണം. CIF എന്നത് ഒരു മൂലധന ഫണ്ടാണ്. അംഗങ്ങളുടെ വായ്പാവശ്യങ്ങൾ നേരിട്ടു നിറവേറ്റുന്നതിനും, വിണ്ടും വീണ്ടും ബാങ്ക് വായ്പകൾ ഉറപ്പാക്കുന്നതിനുപയുക്തമായ ഒരു പ്രേരകമൂലധനഫണ്ടുമാണ്. CIF ഫെഡറേഷനുകൾ വഴിയാണ് SHG കൾക്ക് നൽകുന്നത്. ദാരിദ്ര്യത്തിൽനിന്നും പുറത്തുകടക്കുന്നതിനുള്ള ശ്രമങ്ങളുടെ ആണിക്കല്ല്, സ്വന്തം ഫണ്ടുകൾ വലിയ തോതിൽ ശേഖരിക്കുംവരെ, അവർക്ക് മിതമായ നിരക്കിൽ, അനുസ്യൂതം, എളുപ്പത്തിൽ ലഭ്യമാകുന്ന വായ്പകളായിരിക്കും.

## 7. സാർവത്രിക സാമ്പത്തിക പരിവ്യാപനം (Universal Financial Inclusion)

പാവപ്പെട്ട കുടുംബങ്ങൾക്കും SHGകൾക്കും അവയുടെ ഫെഡറേഷനുകൾക്കും, അടിസ്ഥാനപരമായ ബാങ്കിംഗ് സേവനങ്ങൾക്കും, അടിസ്ഥാനപരമായ ബാങ്കിംഗ് സേവനങ്ങൾക്കുമുപരി, സാർവ്വത്രികമായ സാമ്പത്തിക പരിവ്യാപനം കൈവരിക്കുന്നതിനുവേണ്ടി DAY-NRLM പ്രവർത്തിക്കണം. സാമ്പത്തിക പരിവ്യാപനത്തിന്റെ, ആവശ്യകതയുടേയും, വിതരണത്തിന്റെയും (Demand & Supply) ഭാഗങ്ങളിൽ രണ്ടിലും, DAY-NRLM പ്രവർത്തിക്കേണ്ടതാണ്. ആവശ്യകതയുടെ രംഗത്ത്, അത് നിർദ്ധനരുടെ ഇടയ്ക്ക് സാമ്പത്തിക സാക്ഷരത വളർത്തുകയും, SHG കൾക്കും അവയുടെ ഫെഡറേഷനുകൾക്കും പ്രേരകമൂലധനം നൽകുകയും ചെയ്യണം. വിതരണ ഭാഗത്ത് അത് സാമ്പത്തിക മേഖലയുമായി ഏകോപിപ്പിക്കുകയും വിജ്ഞാനം ICT, അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക സാങ്കേതികത്വങ്ങൾ, ബിസിനസ്സ് പ്രതിനിധികൾ ബാങ്ക്മിത്ര പോലെയുള്ള സാമൂഹ്യപ്രവർത്തകർ എന്നിവയെ പ്രോത്സാഹിപ്പിക്കണം. അത് ഗ്രാമതലത്തിലുള്ള പാവപ്പെട്ടവൻറെ ജീവനും, ആരോഗ്യത്തിനും സ്വത്തിനും, സാർവത്രികമായ സംരക്ഷണം നൽകണം. പണം അയച്ചുകൊടുക്കുന്നതിനുവേണ്ടി, പ്രത്യേകിച്ചും കുടിയേറിപ്പാർപ്പുകൾ സർവ്വവ്യാപൃതമായിട്ടുള്ള സ്ഥലങ്ങളിൽ, അത് പ്രവർത്തിക്കണം.

## 8. പലിശാനുകൂല്യ വ്യവസ്ഥ

ഗ്രാമതലത്തിലുള്ള പാവപ്പെട്ടവർക്ക് അവരുടെ പരിശ്രമങ്ങൾ സാമ്പത്തികമായി ലാഭകരമാക്കുന്നതിന്, താഴ്ന്ന നിരക്കിലുള്ള വിവിധ തവണകളായുള്ള വായ്പകൾ ആവശ്യമാണ്. അവർക്ക് താങ്ങാവുന്ന പലിശ നിരക്കിലുള്ള വായ്പകൾ ഉറപ്പാക്കുന്നതിന് എല്ലാ യോഗ്യതയുള്ള SHG കൾക്കും മുഖ്യധാരയിലുള്ള ധനകാര്യസ്ഥാപനങ്ങളിൽ നിന്നെടുത്ത 7% പലിശയ്ക്കുള്ള വായ്പകൾക്ക് പലിശാനുകൂല്യം (Interest Subvention) നൽകുന്നതിന് DAY-NRLM ന് വ്യവസ്ഥയുണ്ട്.

## 9. ഫണ്ടിംഗിനുള്ള മാതൃക

DAY-NRLM, കേന്ദ്രം സ്പോൺസർ ചെയ്യുന്ന ഒരു പദ്ധതിയാണ്. ഇതിനു ചിലവുള്ള പണം കേന്ദ്രവും സംസ്ഥാനങ്ങളും 60:40 (90: 10 എന്ന അനുപാതത്തിൽ സിക്കിം ഉൾപ്പെടെയുള്ള വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും, കേന്ദ്രഭരണ പ്രദേശങ്ങളിൽ കേന്ദ്രം പൂർണ്ണമായും) എന്ന അനുപാതത്തിൽ പങ്കുവയ്ക്കുന്നു.

## 10. നടപ്പാക്കൽ ഘട്ടം ഘട്ടമായി

പാവപ്പെട്ടവരുടെ സ്ഥാപനങ്ങൾ, അവയുടെ നേതാക്കന്മാർ, സമൂഹത്തിലുള്ള വിദഗ്ദർ പ്രത്യേകിച്ചും സമൂഹത്തിൽനിന്നും, അവരുടെ സ്ഥാപനങ്ങളുടെ പിന്തുണയോടെ, ജീവിത പരിവർത്തനം സംഭവിച്ച, പാവപ്പെട്ട വനിതകൾ ഉൾപ്പെടുന്ന, സമൂഹത്തിലെ പ്രമുഖർ എന്നിവരാണ്. പാവപ്പെട്ടവൻറെ സാമൂഹ്യ മൂലധനം. ഈ സാമൂഹ്യ മൂലധനം പടുത്തുയർത്തുന്നതിന് തുടക്കത്തിൽ സമയമെടുത്തേക്കാം. പക്ഷേ കുറേ കഴിയുമ്പോൾ അത് അതിവേഗം അനേകമടങ്ങാകും. പാവങ്ങളുടെ സാമൂഹ്യ മൂലധനം, DAY-NRLM ൽ പ്രധാനഭാഗം ആവുന്നില്ലെങ്കിൽ അത് ജനങ്ങളുടെ പദ്ധതിയല്ല. അതിനുംപുറമെ, ഇടപെടലുകളുടെ നിലവാരവും, ഫലപ്രാപ്തിയും ഒട്ടും വീര്യം ചോർന്നുപോവാതെ ഉറപ്പാക്കേണ്ടത് വളരെ പ്രധാനമാണ്. ആയതിനാൽ ഘട്ടം ഘട്ടമായി നടപ്പാക്കുന്ന ഒരു സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. 12-ാം പഞ്ചവത്സര പദ്ധതിയോടെ DAY-NRLM എല്ലാ ജില്ലകളിലേക്കും എത്തുന്നതായിരിക്കും.

## 11. തീവ്രതരമായി പ്രവർത്തിക്കുന്ന ബ്ലോക്കുകൾ (Intensive Block)

തീവ്രതരമായി DAY-NRLM നടപ്പിലാക്കാൻ തിരഞ്ഞെടുക്കപ്പെടുന്ന ബ്ലോക്കുകൾക്ക്, പരിശീലനം സിദ്ധിച്ച വിദഗ്ദജീവനക്കാരുടെ സേവനം പൂർണ്ണമായും ലഭിക്കും. സാർവ്വത്രികമായതും, തീവ്രതരമായ സാമ്പത്തിക പരിവ്യാപനം, ഉപജീവന മാർഗ്ഗങ്ങൾ, പങ്കാളിത്തങ്ങൾ തുടങ്ങിയവയുടെ ഒരു

പൂർണ്ണ ശ്രേണിയും ലഭിക്കും. എന്നാൽ അവശേഷിക്കുന്ന ബ്ലോക്കുകൾ അഥവാ തീവ്രതരമല്ലാത്ത ബ്ലോക്കുകളിൽ ഈ പ്രവർത്തനങ്ങളുടെ വ്യാപ്തിയും, തീവ്രതയും പരിമിതപ്പെട്ടതായിരിക്കും.

## 12. ഗ്രാമീണ സ്വയംതൊഴിൽ പരിശീലന സ്ഥാപനങ്ങൾ (Rural Self Employment Training Institutes RSETIs)

RSETI എന്ന ആശയം ഗ്രാമവികസന സ്വയം തൊഴിൽ ഇൻസ്റ്റിറ്റ്യൂട്ട് (RUDSET) മുമ്പോട്ടുവച്ച മാതൃകയിലാണ് പടുത്തുയർത്തിയിരിക്കുന്നത്. SDME ട്രസ്റ്റ്, സിൻഡിക്കേറ്റ് ബാങ്ക്, കാനറാബാങ്ക് എന്നിവയുടെ സഹകരണപരമായ ഒരു കൂട്ടായ്മ. തൊഴിലില്ലാത്ത യുവാക്കളെ അനുഭാവാധിഷ്ഠിതമായ ഒരു ഹ്രസ്വകാല പരിശീലന പരിപാടിയിലൂടെ സ്വയംതൊഴിൽ കണ്ടെത്തുന്ന ആത്മവിശ്വസമുള്ള ചെറുപ്പക്കാരായി മാറ്റുക എന്നതാണ് ഈ മാതൃക ഉദ്ദേശിക്കുന്നത്. തുടർന്നിവർക്ക് കൈപിടിച്ചു നടത്തുന്ന രീതിയിലുള്ള പിന്തുണ ദീർഘകാലത്തേക്ക് നൽകുകയും ചെയ്യും. ആവശ്യാധിഷ്ഠിതമായി നടത്തുന്ന ഈ പരിശീലന പരിപാടി ഇവരിൽ സംരംഭകത്വ സ്വഭാവം വളർത്തുകയും, ആത്മവിശ്വാസം മെച്ചപ്പെടുത്തുകയും, പരാജയത്തിന്റെ ഭീതി കുറയ്ക്കുകയും, അവരെ മാറ്റങ്ങളുടെ ഏജൻറുമാരായി വളർത്തുകയും ചെയ്യും. ഇവരെ തിരഞ്ഞെടുക്കുന്ന കാര്യത്തിലും, പരിശീലനസമയത്തും തുടർന്നുള്ള ഘട്ടങ്ങളിലും ബാങ്കുകൾ പൂർണ്ണമായും പങ്കുചേരും. ഈ സ്ഥാപനങ്ങളിലൂടെ പ്രകടിപ്പിക്കപ്പെടുന്ന പാവപ്പെട്ടവരുടെ ആവശ്യങ്ങൾ, RSETI യിൽ പങ്കെടുക്കുന്നവർക്കും, പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കും, അവരുടെ സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സംരംഭകരാവുന്നതിനുമുള്ള യത്നങ്ങൾക്ക് ഒരു വഴികാട്ടിയാവും. DAY-NRLM രാജ്യത്തെ എല്ലാ ജില്ലകളിലും RSETI കൾ സ്ഥാപിക്കുന്നതിന്, പൊതുമേഖലാ ബാങ്കുകളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**അനുബന്ധം-II**

## 2019-20-mw വർഷത്തിലെ വനിതാ എസ്.എച്ച്.ജികൾക്കുള്ള പലിശ സബ് വെൻഷൻ ആനുകൂല്യ പദ്ധതി

**I.** 250 ജില്ലകളിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ ബാങ്കുകൾ, സ്വകാര്യമേഖലാ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണബാങ്കുകൾ, സ്മാൾ ഫിനാൻസ് ബാങ്കുകൾ എന്നിവയ്ക്കുള്ള, വനിതാ എസ്. എച്ച്. ജി കൾക്കുള്ള വായ്പകൾക്കു ബാധകമായ പലിശ സബ്വെൻഷൻ ആനുകൂല്യ പദ്ധതി.

i. എല്ലാ വനിതാ എസ്.എച്ച്.ജികൾക്കും പ്രതിവർഷം 7% നിരക്കിൽ നൽകുന്ന മൂന്നു ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് പലിശ സബ്വെൻഷൻ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും. ഇപ്പോൾ എസ്.ജി.എസ്.വൈ പദ്ധതിയിൽ, മൂലധന സബ്സിഡി നേടിയിട്ടുള്ള എസ്.എച്ച്.ജികൾക്ക് ഈ പദ്ധതിയിൻകീഴിലുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

ii. അനുബന്ധം III-ൽ കൊടുത്തിട്ടുള്ള 250 ജില്ലകളിലെ ഗ്രാമീണ മേഖലകളിൽ പ്രവർത്തിക്കുന്ന എല്ലാ വനിതാ SHG കൾക്കും 7% നിരക്കിൽ, വാണിജ്യ ബാങ്കുകൾ വായ്പ നൽകേണ്ടതാണ്.

iii. ഏഴു ശതമാനവും, വെയിറ്റഡ് ആവറേജ് ഇന്ററസ്റ്റ് ചാർജ്ജ് (WAIC) (ധനകാര്യവകുപ്പിന്റെ ഫൈനാൻഷ്യൽ സർവീസസ് വകുപ്പു നിർദ്ദേശിച്ചിട്ടുള്ള WAIC) നിരക്കും തമ്മിലുള്ള വ്യത്യാസം ഏറ്റവും കൂടിയത് 5.5%, എല്ലാ വാണിജ്യബാങ്കുകൾക്കും (പൊതുസ്വകാര്യ മേഖല ബാങ്കുകൾ, സ്മാൾ ബിസിനസ്സ് ബാങ്കുകൾ) 2019-20-ൽ സബ്വെൻഷൻ ആനുകൂല്യമായി ലഭിക്കും. 250 ജില്ലകളിലെ എസ് എച്ച് ജി കൾക്ക് 7% നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നു എന്ന നിബന്ധനയിൽ മാത്രമേ ബാങ്കുകൾക്ക് സബ്വെൻഷൻ ആനുകൂല്യം നൽകുകയുള്ളൂ.

iv. കുടാതെ കണിശമായി വായ്പ തിരിച്ചടയ്ക്കുന്ന എസ് എച്ച് ജി കൾക്ക് 3% പലിശ സബ്വെൻഷൻ ആനുകൂല്യം അധികമായി നൽകും. ഈ അധിക 3% സബ് വെൻഷൻ ആനുകൂല്യം ലഭിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ, ഒരു SHG അക്കൗണ്ട് പാലിച്ചിരിക്കണം.

a. ക്യാഷ് ക്രെഡിറ്റ് വായ്പാ പരിധിയ്ക്ക്

i. അക്കൗണ്ടിലെ നീക്കിയിരുപ്പ് 30 ദിവസത്തിൽ കൂടുതൽ തുടർച്ചയായി വായ്പാ പരിധിയ്ക്കോ പണം പിൻവലിച്ചെടുക്കാവുന്ന പരിധിയ്ക്കോ (Drawing Power) മുകളിലാവരുത്.

ii. അക്കൗണ്ടുകളിൽ തുടർച്ചയായി പണമടവുകളും പിൻവലിക്കലുകളും ഉണ്ടാവണം. അക്കൗണ്ടുകാരന്റേതായ ഒരു പണമടവെങ്കിലും, എല്ലാ മാസത്തിലു മുണ്ടായിരിക്കണം.

iii. അക്കൗണ്ടുകാരൻ അടയ്ക്കുന്ന തുക അക്കൗണ്ടിൽ ആ മാസം ചുമത്തിയ പലിശത്തുകയ്ക്കു തുല്യമായിരിക്കണം.

b. നിശ്ചിത കാലാവധി വായ്പകൾ (Term loans)

വായ്പയുടെ കാലാവധിക്കാലത്ത്, അക്കൗണ്ടിലേയ്ക്കുള്ള പലിശയും മുതലിന്റെ തവണകളും അടയ്ക്കേണ്ട തീയതി തുടങ്ങി 30 ദിവസത്തിനകം അടച്ചു തീർത്തിട്ടുണ്ടെങ്കിൽ മാത്രമേ തിരിച്ചടവ് കൃത്യമായ അക്കൗണ്ടെന്ന് കണക്കാക്കുകയുള്ളൂ.

i. ബാങ്കുകൾ ഈ 3% പലിശ സബ്വെൻഷൻ ആനുകൂല്യം, അർഹതയുള്ള SHG അക്കൗണ്ടുകളിൽ വരവുവച്ചു കൊടുത്തശേഷം, പണം തിരിച്ചു കിട്ടാൻ പ്രസ്തുത ത്രൈമാസികത്തിനൊടുവിൽ അപേക്ഷിക്കണം.

ii. ഈ പദ്ധതി ഗ്രാമീണമേഖലയിലെ വനിതാ സ്വയംസഹായ ഗ്രൂപ്പുകൾക്കു (SHG) മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

iii. DAY-NRLM കീഴിലുള്ള കേന്ദ്ര അലോട്ട്മെന്റിൽ നിന്നും പദ്ധതിയ്ക്കുള്ള പണം ലഭ്യമാക്കും.

iv. ഗ്രാമീണ വികസനവകുപ്പ് തെരഞ്ഞെടുത്ത ഒരു ''നോഡൽ' ബാങ്കായിരിക്കും, ഈ പലിശ സബ്വെൻഷൻ ആനുകൂല്യ പദ്ധതി നടപ്പിലാക്കുന്നത്. MORD നിർദ്ദേശി ച്ചിട്ടുള്ള ഒരു 'വെബ്പ്ലാറ്റുഫോമി' ലൂടെയായിരിക്കും, നോഡൽ ബാങ്ക് ഈ പദ്ധതി പ്രാവർത്തികമാക്കുന്നത്. MoRD നോഡൽ ബാങ്കിനെ പ്രഖ്യാപിക്കും.

v. 'കോർ ബാങ്കിംഗ് സൊല്യൂഷൻസ്' (CBs) പ്രവർത്തിപ്പിയ്ക്കുന്ന എല്ലാ ബാങ്കുകൾക്കും ഈ പദ്ധതിയിൻ കീഴിൽ പലിശ സബ്വെൻഷൻ നേടാം.

vi. പലിശ സബ്വെൻഷൻ ആനുകൂല്യം നേടുന്നതിന് എല്ലാ പൊതുമേഖലാ ബാങ്കുകളും സ്വകാര്യ ബാങ്കുകളും, സ്മാൾ ഫിനാൻസ്ബാങ്കുകളും 7%

സബ്‌വെൻഷനിൽ നൽകിയിട്ടുള്ള എല്ലാ SHG വായ്പകളേയും സംബന്ധിച്ച വിവരങ്ങൾ, നിർദ്ദിഷ്ട സാങ്കേതികത്തികവിൽ, നോഡൽ ബാങ്കിന്റെ പോർട്ടലിൽ അപ്‌ലോഡ് ചെയ്യണം. പൊതുമേഖലാബാങ്കുകളും, സ്വകാര്യ ബാങ്കുകളും, സ്മാൾ ഫിനാൻസുബാങ്കുകളും. അതേ പോർട്ടലിൽ തന്നെ 3% അധിക സബ്‌വെൻഷൻ ആനുകൂല്യത്തിനുള്ള ക്ലെയിമുകളും നൽകണം. സാധാരണയുള്ള ക്ലെയിമുകളും (WAIC അല്ലെങ്കിൽ വായ്പാ പലിശനിരക്കും, 7 ശതമാനവും തമ്മിലുള്ള വ്യത്യാസം) അധിക ക്ലെയിമുകളും (3% നിരക്കിൽ കൃത്യമായ തിരിച്ചടവുകൾക്കുള്ളവ) ത്രൈമാസികാടിസ്ഥാനത്തിൽ, ജൂൺ 30, 2019, സെപ്തംബർ 30, 2019, ഡിസംബർ 31, 2019, മാർച്ച് 31, 2020 എന്നിവയുടെ അതാത് അടുത്ത മാസങ്ങളിലെ അവസാന വാരത്തോടുകൂടി സമർപ്പിക്കേണ്ടത്.

vii. SHG കൾക്ക് നൽകിയിട്ടുള്ള വായ്പകൾക്കു നൽകാവുന്ന 7% പലിശ സബ് വെൻഷൻ ആനുകൂല്യവും, അധിക ആനുകൂല്യമായ 3 ശതമാനവും ലഭിക്കാനായി പൊതു/ സ്വകാര്യ മേഖലാ ബാങ്കുകൾ, സ്മാൾ ഫിനാൻസുബാങ്കുകൾ എന്നിവ ത്രൈമാസികാടിസ്ഥാനത്തിൽ നോഡൽ ബാങ്കിന് ക്ലെയിം സർട്ടിഫിക്കറ്റുകൾ സമർപ്പിക്കണം. ബാങ്ക് സമർപ്പിക്കുന്ന ക്ലെയിമുകളോടൊപ്പം, സബ്‌വെൻഷൻ ക്ലെയിം സത്യവും ശരിയാണെന്നും കാണിക്കുന്ന ക്ലെയിം സർട്ടിഫിക്കറ്റുകൾ (അനുബന്ധങ്ങൾ IV മുതൽ V വരെ) നൽകണം. 2020 മാർച്ച് 31 ന് അവസാനിക്കുന്ന ത്രൈമാസികത്തിലെ ക്ലെയിമുകൾ MoRD, ബാങ്കുകളുടെ 2019-20 സാമ്പത്തിക വർഷത്തിലെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരുടെ സർട്ടിഫിക്കറ്റു കിട്ടിയതിനു ശേഷമേ നൽകുകയുള്ളൂ.

viii. 2019-20 ൽ നൽകിയിട്ടുള്ള വായ്പകളിന്മേലുള്ള ശേഷിക്കുന്ന ക്ലെയിമുകൾ ഉണ്ടെങ്കിൽ അവ ക്രോഡീകരിച്ച് അധിക ക്ലെയിമുകൾ എന്ന് രേഖപ്പെടുത്തി ശരിയാണെന്ന സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരുടെ സർട്ടിഫിക്കറ്റുകളോടു കൂടി ജൂൺ 30, 2020ന് മുമ്പ് പൊതു/ സ്വകാര്യ മേഖലാ ബാങ്കുകളും,സ്മാൾ ഫിനാൻസുബാങ്കുകളും നോഡൽ ബാങ്കിന് സമർപ്പിക്കണം. 2019-20 സാമ്പത്തികവർഷത്തിലെ പലിശാനുകൂല്യ സംബന്ധമായ ക്ലയിമുകൾ, 2020 ജൂൺ 30 നു ശേഷം പരിഗണിക്കപ്പെടുകയില്ല.

ix. ക്ലയിമുകളിൽ എന്തെങ്കിലും തിരുത്തലുകളുണ്ടെങ്കിൽ അവ പിന്നീടു വരുന്ന ക്ലയിമുകളിൽ, ആഡിറ്റർമാരുടെ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ, ക്രമീകരിക്കുന്നതാണ്. ഇപ്രകാരമുള്ള തിരുത്തലുകൾ

പൊതു/സ്വകാര്യമേഖലാ ബാങ്കുകളും,സ്മാൾ ഫിനാൻസുബാങ്കുകളും, നോഡൽ ബാങ്കിന്റെ പോർട്ടലിലൂടെ ചെയ്യേണ്ടതാണ്.

**II) രണ്ടാം വിഭാഗത്തിലെ ജില്ലകൾ (250 ജില്ലകൾക്കു പുറമേയുള്ളവയ്ക്കുള്ള) പലിശ സബ്‌വെൻഷൻ ആനുകൂല്യപദ്ധതി.**

മേൽപ്പറഞ്ഞ 250 ജില്ലകൾക്കുപുറമേയുള്ള രണ്ടാം വിഭാഗം ജില്ലകളിൽ DAY-NRLM - ൽ കീഴിലുള്ള എല്ലാ വനിതാ SHG കളും എടുക്കുന്ന വായ്പകൾക്കു സബ്‌വെൻഷൻ ആനുകൂല്യ ത്തിന് അർഹതയോടെ, 7% നിരക്കിൽ വായ്പാ സൗകര്യംലഭിക്കും.

ഈ സബ്‌വെൻഷനുള്ള പണം DAY-NRLM - ന് ഈ വിഭാഗം ജില്ലകൾക്ക് മാറ്റി വച്ചിട്ടുള്ള തുകയിൽ നിന്നും സംസ്ഥാന ഗ്രാമീണ ഉപജീവന മിഷ(SRLM)ൻ നൽകുന്നതാണ്. ബാങ്കുകൾ SHG കൾക്ക് അവരുടെ നിയമങ്ങളനുസരിച്ച് വായ്പകൾ നൽകുകയും, പലിശയും 7% വും തമ്മിലുള്ള വ്യത്യാസം (FY 19-20 ൽ ഏറ്റവും കൂടുതൽ 5.5%) SRLM മുകളിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ, SHG കളുടെ അക്കൗണ്ടുകൾക്ക് സബ്‌വെൻഷൻ ആനുകൂല്യമായി നൽകുന്നതാണ്. ഇതനുസരിച്ച് രണ്ടാം വിഭാഗജില്ലകളിലെ പലിശ സബ്‌വെൻഷൻ സംബന്ധിച്ച 2019-20 ലെ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

**എ. ബാങ്കുകളുടെ പങ്ക്**

MoRD നിർദ്ദേശിച്ചിട്ടുള്ളതുപോലെയുള്ള രൂപരേഖയിൽ, കോർബാങ്കിംഗ് സൊല്യൂഷൻസ് (CBs) പ്രവർത്തിപ്പിക്കുന്ന എല്ലാ ബാങ്കുകളും എല്ലാ ജില്ലകളിലുമുള്ള വായ്പാ വിതരണത്തിന്റെയും നീക്കിയിരുപ്പുകളേയും പറ്റിയുള്ള വിവരങ്ങൾ നൽകേണ്ടതാണ്. ഈ വിവരങ്ങൾ CBS പ്ലാറ്റുഫോമിലൂടെ റൂറൽ ഡെവലപ്പ്മെന്റു വകുപ്പിനും (FTP വഴി), SRLM കൾക്കും നേരിട്ടാണ് നൽകേണ്ടത്. SHG കൾക്കുള്ള പലിശ സബ്‌വെൻഷൻ ആനുകൂല്യം കണക്കാക്കുന്നതും, വിതരണം ചെയ്യുന്നതും എളുപ്പമാക്കാൻ വേണ്ടി പ്രതിമാസാടിസ്ഥാന ത്തിലാണ് വിവരങ്ങൾ നൽകേണ്ടത്.

**ബി. സംസ്ഥാന ഗവണ്മെന്റുകളുടെ പങ്ക്**

i. DAY-NRLM നു കീഴിലുള്ള എല്ലാ വനിതാ SHG കളും കണിശമായി തിരിച്ചടയ്ക്കുന്ന മൂന്നുലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ഒരു വർഷം 7% നിരക്കിൽ സബ് വെൻഷൻ ലഭിക്കാൻ അർഹതയുള്ളവയാണ്.

ii. ഈ പദ്ധതി സംസ്ഥാന ഗ്രാമീണ ഉപജീവന മിഷനുകൾ (SRLMs) നടപ്പിലാക്കും. വാണിജ്യബാങ്കുകളിൽ നിന്നും സഹകരണബാങ്കുകളിൽ നിന്നും വാങ്ങിയിട്ടുള്ള വായ്പകൾക്കുള്ള സബ്‌വെൻഷൻ ആനുകൂല്യം അർഹതയുള്ള SHG കൾക്ക് SRLM

കൾ നൽകും. ഇന്ത്യാ ഗവണ്മെന്റിന്റെ നിയമങ്ങളനുസരിച്ച് കേന്ദ്രവിഹിതത്തിൽ നിന്നും സംസ്ഥാനങ്ങൾ നൽകുന്ന വിഹിതത്തിൽ നിന്നുമാണ് സബ്‌വെൻഷൻ ആനുകൂല്യത്തിനുള്ള തുക കണ്ടെത്തുന്നത്.

iii. 2019-20 വർഷത്തിൽ SRLM - കൾ SHG കൾക്ക് ബാങ്കുകളുടെ പലിശനിരക്കും 7 ശതമാനവും തമ്മിലുള്ള വ്യത്യാസം (ഏറ്റവും കൂടുതൽ 5.5% വരെ) പലിശ സബ് വെൻഷൻ ആനുകൂല്യമായി നേരിട്ട്, പ്രതിമാസമായോ, ത്രൈമാസികാടിസ്ഥാനത്തിലോ നല്കും. കണിശമായി തിരിച്ചടച്ച SHG കളുടെഅക്കൗണ്ടിലേക്ക് സബ് വെൻഷൻ ആനുകൂല്യം ഇ-ട്രാൻസ്ഫറായി നൽകും. അക്കൗണ്ട് ക്ലോസ് ചെയ്യപ്പെടുകയോ, ഇ-ട്രാൻസ്ഫർ പ്രാവർത്തികമാകാതെയോ വരുമ്പോൾ, ആനുകൂല്യം ബന്ധപ്പെട്ട SHG യുടെ സേവിങ്സ് അക്കൗണ്ടിൽ വരവുവച്ചുകൊടുക്കും.

iv. പലിശ സബ്‌വെൻഷൻ ആനുകൂല്യം ലഭിക്കാനായി, ഒരു അക്കൗണ്ട് കണിശമായി തിരിച്ചടവുള്ള അക്കൗണ്ടാണെന്ന് കണക്കാക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്.

### എ) ക്യാഷ് ക്രെഡിറ്റു പരിധി

1. അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക പരിധിയ്ക്കു മുകളിലോ, പിൻവലിക്കാനനുവാദമുള്ള തുകയ്ക്കു മുകളിലോ 30 ദിവസത്തിലധികം തുടർച്ചയായി നിൽക്കാൻ പാടില്ല.

2. തുടർച്ചയായി അക്കൗണ്ടിൽ പണമടവുകളും പിൻവലിക്കലുമുണ്ടായിരിക്കണം. ഒരു മാസത്തിൽ എങ്ങിനെയായാലും അക്കൗണ്ടുകാരന്റെ വക ഒരു പണമടവെങ്കിലും ഉണ്ടായിരിക്കണം.

3. കസ്റ്റമർ അക്കൗണ്ടിൽ അടച്ചതുക അമാസത്തെ പലിശ വരവുവയ്ക്കാനെങ്കിലും മതിയായിരിക്കണം.

### ബി) നിശ്ചിത കാലാവധി വായ്പകൾ (Term Loans)

വായ്പാ കാലയളവിൽ, പലിശയും മുതൽതുകകളും അടയ്ക്കേണ്ട തീയതി മുതൽ 30 ദിവസങ്ങൾക്കകം അടച്ചുതീർത്ത അക്കൗണ്ടുകൾ കണിശമായി തിരിച്ചടച്ച അക്കൗണ്ടുകളായി കണക്കാക്കപ്പെടും.

v. വനിതാ SHG കൾ അവരുടെ നിലവിലുള്ള വായ്പകൾക്ക് SGSY - ൻ കീഴിൽ മൂലധന സബ്സിഡി സ്വീകരിച്ചിട്ടുണ്ടെങ്കിൽ, നിലവിലുള്ള വായ്പകൾക്ക്, ഈ പദ്ധതിയനുസരിച്ച് അവർക്കു പലിശ സബ്വെൻഷൻ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

vi. SRLM - കൾ, അർഹതപ്പെട്ട SHG ക്ക് നൽകിയ സബ്വെൻഷൻ ആനുകൂല്യങ്ങൾ കാണിച്ച് ത്രൈമാസിക യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതാണ്.

**III.** അവരുടേതായ പലിശ സബ്വെൻഷൻ പദ്ധതികളുള്ള സംസ്ഥാനങ്ങൾ കേന്ദ്ര പദ്ധതിയിലെ നിർദ്ദേശങ്ങളുമായി പൊരുത്തപ്പെടുത്തണമെന്ന് താൽപ്പര്യപ്പെടുന്നു.

---

**അനുബന്ധം-III**

## 7% പലിശയുള്ള വായ്പകൾക്ക് പലിശാനുകൂല്യത്തിനും കണിശമായി തിരിച്ചടവുള്ള വായ്പകൾക്ക് 3% അധിക പലിശാനുകൂല്യത്തിനും അർഹതയുള്ള ജില്ലകൾ

| നം. | സംസ്ഥാനം | നം. | ജില്ലകളുടെ പേര് |
|---|---|---|---|
| 1 | ആന്ധ്രാപ്രദേശ് | 1 | ഗുണ്ടൂർ |
| | | 2 | കൃഷ്ണ |
| | | 3 | ശ്രീകാക്കുളം |
| | | 4 | ഈസ്റ്റുഗോദാവരി |
| | | 5 | വിജയനഗരം |
| | | 6 | വിശാഖപട്ടണം |
| 2 | അരുണാചൽ പ്രദേശ് | 1 | ഈസ്റ്റു സിയാങ്ങ് |
| | | 2 | ഈസ്റ്റു കാമങ്ങ് |
| | | 3 | പാപുംപരേ |
| | | 4 | ലോഹിത് |
| 3 | ആസാം | 1 | ചിരാങ്ങ് |
| | | 2 | കർബി ആങ്ലോങ്ങ് |
| | | 3 | സോണിത്പുർ |
| | | 4 | തിൽസുക്കിയ |
| | | 5 | ഹയിലാക്കണ്ടി |
| | | 6 | ധെമേജി |
| | | 7 | ജോർഹത് |
| | | 8 | നഗാം |
| 4 | ബീഹാർ | 1 | സഹർസാ |
| | | 2 | സുപാൾ |
| | | 3 | മധേപുര |
| | | 4 | നളന്ദ |
| | | 5 | ഖഗ്റിയ |
| | | 6 | ഈസ്റ്റു ചന്പാരൺ (മോതിഹാരി) |
| | | 7 | അർവാൽ |
| | | 8 | ഔറംഗബാദ് |
| | | 9 | ഗയാ |

| | | | |
|---|---|---|---|
| | | 10 | ജമുയി |
| | | 11 | ജഹനാബാദ് |
| | | 12 | കയ്മൂർ |
| | | 13 | മുംഗർ |
| | | 14 | നവാഡ |
| | | 15 | റോത്താസ് |
| | | 16 | പശ്ചിം ചന്പാരൺ |
| | | 17 | സീതാമരി |
| 5 | ഛത്തീസ് ഗർ | 1 | ബലറാംപുർ |
| | | 2 | സുരാജ്പുർ |
| | | 3 | സുകാമ |
| | | 4 | കൊണ്ടാഗാവോം |
| | | 5 | ഗരിയാബന്ദ് |
| | | 6 | ബലോദബസാർ |
| | | 7 | ധംതാരി |
| | | 8 | റെയ് ഗർ |
| | | 9 | ബസ്തർ |
| | | 10 | ബിജാപൂർ |
| | | 11 | ദന്തേവാദ |
| | | 12 | ജംഷ്പൂർ |
| | | 13 | കങ്കർ |
| | | 14 | കവാർധ |
| | | 15 | കോരിയ |
| | | 16 | നരയാൺപൂർ |
| | | 17 | രാജ്നന്ദ്ഗാവോം |
| | | 18 | സർഗുജ |
| 6 | ഗുജറാത്ത് | 1 | ചോട്ടാവുദേപൂർ |
| | | 2 | മഹിസാഗർ |
| | | 3 | മെഹ്സാനാ |
| | | 4 | ജുനഗഡ് |
| | | 5 | വഡോദര |
| | | 6 | ബനസ്കന്ത |
| | | 7 | പഞ്ചമഹാൽ |
| 7 | ജാർഖണ്ഡ് | 1 | പക്കൂർ |
| | | 2 | ഡംക |

| | | | |
|---|---|---|---|
| | | 3 | ഗോഡാ |
| | | 4 | ബൊക്കാറാ |
| | | 5 | ഛത്ര |
| | | 6 | ഗർവ |
| | | 7 | ഗിൻഡ് |
| | | 8 | ഗുംല |
| | | 9 | ഹസാരിബാഗ് |
| | | 10 | ഖുന്തി |
| | | 11 | കൊടാമ |
| | | 12 | ലത്തേഹർ (എന്ർ) |
| | | 13 | ലോഹർദഗ |
| | | 14 | പശ്ചിം സിങ്ഭൂം |
| | | 15 | പാലമു |
| | | 16 | പുർബി സിംങ്ഭൂം |
| | | 17 | റാംഗർ |
| | | 18 | റാഞ്ചി (റൂറൽ) |
| | | 19 | സരേയ്ക്കല (എൻ) |
| | | 20 | സിംഡേഗാ |
| 8 | കർണാടക | 1 | ബിജാപ്പൂർ |
| | | 2 | ചാംരാജ് നഗർ |
| | | 3 | ചിത്രദുർഗ |
| | | 4 | ഗുൽബർഗ |
| | | 5 | മൈസൂർ |
| | | 6 | തുംകൂർ |
| | | 7 | ഗഡാഗ് |
| | | 8 | കൊപ്പാൽ |
| 9 | മദ്ധ്യപ്രദേശ് | 1 | സാഗെർ |
| | | 2 | ദമോ |
| | | 3 | ടിക്കംഗർ |
| | | 4 | പന്ന |
| | | 5 | ചഹ്താപൂർ |
| | | 6 | ഛബുവാ |
| | | 7 | ധാർ |
| | | 8 | അന്നുപൂർ |
| | | 9 | ബാലഘട്ട് |

| | | | |
|---|---|---|---|
| | | 10 | ഡിൻഡോൺ |
| | | 11 | മണ്ഡാലാ |
| | | 12 | സിയോണി |
| | | 13 | ഷാഹ്ഭോൽ |
| | | 14 | സിദ്ധി |
| | | 15 | ഉമാറിയാ |
| | | 16 | ഛിന്ദ് വാരാ |
| | | 17 | സിങ്ങ്ഗറൌലി |
| | | 18 | ബദ് വാനി |
| | | 19 | ഷിയോപുർ |
| | | 20 | അലിരാജപൂർ |
| 10 | മഹാരാഷ്ട്ര | 1 | സോലാപൂർ |
| | | 2 | രത്നഗിരി |
| | | 3 | താനേ |
| | | 4 | വാർദ്ധാ |
| | | 5 | ബീഡ് |
| | | 6 | സിന്ദൂർദുർഗ് |
| | | 7 | ചന്ദ്രാപൂർ |
| | | 8 | ഗഡ് ചിരോലി |
| | | 9 | ഗോണ്ഡിയാ |
| | | 10 | ജൈനാ |
| | | 11 | ഒസ്മാബാദ് |
| | | 12 | നന്ദർബാർ |
| | | 13 | യവത് മാൽ |
| 11 | ഒഡീഷ | 1 | അംഗുൽ |
| | | 2 | ഭദ്രക് |
| | | 3 | ബാലാസോർ |
| | | 4 | കട്ടക് |
| | | 5 | ബലാൻഗിർ |
| | | 6 | ദേവഗർ |
| | | 7 | ഗജപതി |
| | | 8 | ഗഞ്ചം |
| | | 9 | ജാജ് പൂർ |
| | | 10 | കാലഹണ്ഡി |
| | | 11 | കന്തമാൽ |

| | | | |
|---|---|---|---|
| | | 12 | കെൻണ്ടുഝർ |
| | | 13 | കോരാപുട് |
| | | 14 | മൽക്കൻഗിരി |
| | | 15 | മയൂർഭംജ് |
| | | 16 | നബരംഗപുർ |
| | | 17 | നയാഗർ |
| | | 18 | നുവാപട |
| | | 19 | റയാഗഡ |
| | | 20 | സംബൽപുർ |
| | | 21 | സോനാപൂർ |
| | | 22 | സുന്ദർഗക |
| 12 | രാജസ്ഥാൻ | 1 | ദംഗാർപൂർ |
| | | 2 | ബൻസ്വര |
| | | 3 | ദോൽപൂർ |
| | | 4 | ഝലവാർ |
| | | 5 | ബാരൻ |
| | | 6 | അജ്മെർ |
| | | 7 | അൽവർ |
| | | 8 | ദൌസാ |
| | | 9 | ഉദയ്പൂർ |
| 13 | തമിൾനാട് | 1 | കൂടല്ലൂർ |
| | | 2 | നാഗപട്ടണം |
| | | 3 | തഞ്ചാവൂർ |
| | | 4 | ട്രിച്ചി |
| | | 5 | ദിണ്ഡുക്കൽ |
| | | 6 | വിലുപുരം |
| | | 7 | വെല്ലൂർ |
| | | 8 | തിരുവണ്ണാമല |
| | | 9 | ധർമ്മപുരി |
| 14 | ഉത്തർപ്രദേശ് | 1 | ആഗ്ര |
| | | 2 | അലിഗർ |
| | | 3 | ഔരിയ |
| | | 4 | ബസ്തി |
| | | 5 | ബിജ്നോർ |
| | | 6 | ലഖിംപൂർ ഖേരി |

| | | | |
|---|---|---|---|
| | | 7 | ഉന്നാവോ |
| | | 8 | വാരണാസി |
| | | 9 | ബാരബങ്കി |
| | | 10 | ഗോരവ്പൂർ |
| | | 11 | ലഖ്നൗ |
| | | 12 | ചന്ദൌലി |
| | | 13 | മിർസാപൂർ |
| | | 14 | സോനഭദ്ര |
| | | 15 | ബദാവുൻ |
| | | 16 | ഹർദോയി |
| | | 17 | എൽവ |
| | | 18 | അസംഗർ |
| | | 19 | അല്ലഹബാദ് |
| | | 20 | അംബേദ്കർനഗർ |
| | | 21 | ബഹ്റായിച്ച് |
| | | 22 | ദിയോറിയ |
| | | 23 | ജലാവുൻ |
| | | 24 | ഹമിർപൂർ |
| | | 25 | ബൻടാ |
| 15 | വെസ്റ്റ് ബംഗാൾ | 1 | അലിപ്പൂർദ്വാർ |
| | | 2 | പൂർബാ മോഡിനിപൂർ |
| | | 3 | സൗത്ത് 24 പർഗാനാസ് |
| | | 4 | ബങ്കുറാ |
| | | 5 | മെഡ്നിപുർവെസ്റ്റ് |
| | | 6 | കുച്ച് ബഹാർ |
| | | 7 | ബിർഭും |
| | | 8 | പുരുലിയ |
| 16 | തെലങ്കാന | 1 | മഹബൂബ് നഗർ |
| | | 2 | അദിലാബാദ് |
| | | 3 | വാറംഗൽ റുറൽ |
| | | 4 | ഖമ്മം |
| | | 5 | കരിംനഗർ |
| 17 | കേരളം | 1 | ഇടുക്കി |
| | | 2 | വയനാട് |
| | | 3 | പാലക്കാട് |

| | | | |
|---|---|---|---|
| | | 4 | മലപ്പുറം |
| 18 | ഹരിയാന | 1 | മഹേൻഡർഗർ |
| | | 2 | കമൽ |
| | | 3 | ജിൻഡ് |
| | | 4 | മേവാത്ത് |
| | | 5 | ഭിവാനി |
| | | 6 | ഝാജർ |
| 19 | ഹിമാചൽപ്രദേശ് | 1 | കാങ്ഗ്റ |
| | | 2 | ഉനാ |
| | | 3 | ഷിംല |
| | | 4 | മണ്ഡി |
| 20 | ജമ്മു & കാശ്മീർ | 1 | കുപ് വാര |
| | | 2 | പൂഞ്ച് |
| | | 3 | കിസ്ത് വാർ |
| | | 4 | ഗണ്ടേർബൽ |
| | | 5 | ബുഡ്ഗാം |
| | | 6 | ഉധംപൂർ |
| 21 | പഞ്ചാബ് | 1 | പട്യാല |
| | | 2 | സങ്ങ്ഗൂർ |
| | | 3 | ബട്ടിൻഡ് |
| | | 4 | താംതരൺ |
| | | 5 | ഗുർദാസ്പൂർ |
| | | 6 | ഫെറോസ്പൂർ |
| 22 | ഉത്തരാഖണ്ഡ് | 1 | പിത്തോരഗർ |
| | | 2 | ചോഹ്രി ഗർവാൽ |
| | | 3 | ഛമോലി |
| | | 4 | ബാഗേശ്വർ |
| 23 | മണിപ്പൂർ | 1 | ചന്ദൽ |
| | | 2 | ഇംഫാൽ ഈസ്റ്റ് |
| 24 | മേഘാലയ | 1 | വെസ്റ്റ് ഗാരോ ഹിൽസ് |
| | | 2 | സൗത്ത് വെസ്റ്റ് ഖാസിഹിൽസ് |
| | | 3 | വെസ്റ്റ് ഖാസിഹിൽസ് |
| 25 | മിസോറാം | 1 | സെർഛിപ്പ് |
| | | 2 | ഐസ് വാൾ |
| | | 3 | ലുങ്ഗ്ലേയി |

| | | | |
|---|---|---|---|
| 26 | നാഗാലാൻഡ് | 1 | കിഫേരേ |
| | | 2 | ലോങ്ങ്ലേയി |
| | | 3 | പേരെൻ |
| | | 4 | ട്യൂൺസാംങ്ങ് |
| | | 5 | മോൺ |
| 27 | ത്രിപുര | 1 | ധലായി |
| | | 2 | വെസ്റ്റ് ത്രിപുര |
| | | 3 | നോർത്ത് ത്രിപുര |
| 28 | പുതുശ്ശേരി | 1 | പുതുശ്ശേരി |
| 29 | അൻഡമാൻ ആൻഡ് നിക്കോബാർ ഐലൻ്റ്സ് | 1 | നോർത്ത് & മിഡിൽ ആൻഡമാൻ ഡിസ്ട്രി |
| 30 | സിക്കിം | 1 | സൗത്ത് സിക്കിം |
| | | 2 | ഈസ്റ്റ് സിക്കിം |
| 31 | ഗോവ | 1 | നോർത്ത് ഗോവ |

## അനുബന്ധം

| ക്രമ. നമ്പർ | സർക്കുലർ നമ്പർ | ദിവസം | വിഷയം |
|---|---|---|---|
| 1 | RPCD.GSSD.CO. NO. 81/09.01.03/2012-13 | 27.06.2013 | മുൻഗണന മേഖലവായ്പകൾ. SGSY-യെ ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (DAY-NRLM) ആജീവികയുമായി പുന: സംഘടിപ്പിക്കുന്നു. |
| 2 | RPCD.GSSD.CO.BC.No.38/09.01.03/2013-14 | 20.09.2013 | ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (NRLM) പ്രകാരമുള്ള വായ്പകൾ- ആജീവിക- ആർബിഐയ്ക്കുള്ള റിപ്പോർട്ട് സമർപ്പണം |
| 3 | RPCD.GSSD.CO.BC.No.57/09.01.03/2013-14 | 19.11.2013 | SGSY –യെ ദേശീയ ഗ്രാമീണ ഉപജീവന മിഷനായി പുനസംഘടന (NRLM) – ആജീവിക- പലിശാനുകൂല്യപദ്ധതി |
| 4 | FIDD.GSSD.CO.BC.NO.45/09.01.03/2014-15 | 09.12.2014 | ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) ആജീവിക- പലിശാനുകൂല്യപദ്ധതി |
| 5 | FIDD.GSSD.CO.BC.NO.19/09.01.03/2015-16 | 21.01.2016 | ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) ആജീവിക – പലിശാനുകൂല്യപദ്ധതി 2015-16 ഭേദഗതി |
| 6 | FIDD.GSSD.CO.BC.NO.26/09.01.03/2015-16 | 09.06.2016 | ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) ആജീവിക – പലിശാനുകൂല്യപദ്ധതി 2015-16 ഭേദഗതി |
| 7 | FIDD.GSSD.CO.BC.NO.13/09.01.03/2016-17 | 25.08.2016 | ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) ആജീവിക – പലിശാനുകൂല്യപദ്ധതി 2016-17 |
| 8 | FIDD.GSSD.CO.BC.NO.17/09.01.03/2017-18 | 18.10.2017 | ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) ആജീവിക – പലിശാനുകൂല്യപദ്ധതി 2017-18 |
| 9 | FIDD.GSSD.CO.BC.No.02/09.01.01/2019-20 | 01.07.2019 | ദീൻ ദയാൽ അന്ത്യോദയ യോജന ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (DAY-NRLM) |